സബ്മിഷൻ

## വിമുക്തഭടന്മാരുടെ ബുദ്ധിമുട്ടുകൾ

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സർ, ജീവിതത്തിന്റെ സുവർണ്ണകാലഘട്ടം സമൂഹത്തിനും നാടിനും വേണ്ടി ചെലവഴിച്ച ആളുകളാണ് പിൽക്കാലത്ത് വിമുക്തഭടന്മാരായി വരുന്നത്. അവർക്ക് മറ്റ് സംസ്ഥാനങ്ങൾ നൽകുന്ന പല ആനുകൂല്യങ്ങളും നമ്മുടെ സംസ്ഥാനത്ത് ലഭ്യമാകുന്നില്ല എന്നും നിലവിലുള്ള ആനൂകൂല്യങ്ങൾക്ക് തന്നെ പിൽക്കാലത്ത് നിയന്ത്രണങ്ങൾ കൊണ്ടുവന്നിരിക്കുന്നു എന്നും വ്യാപകമായ പരാതിയുണ്ട്. ക്യാന്റീൻ നികുതിയിളവ് എടുത്തുകളഞ്ഞു. ക്യാന്റീനിൽ കിട്ടുന്ന എല്ലാ കാര്യങ്ങൾക്കും ഇളവ് വേണോ എന്നകാര്യത്തിൽ ചില ഭാഗത്തുനിന്നും ചില പ്രശ്നങ്ങൾ വന്നു. അത് എന്റേയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പക്ഷേ പരിപൂർണ്ണമായി ആ ഇളവ് ഒഴിവാക്കുക എന്നതിന് യാതൊരു ന്യായീകരണവുമില്ല. അതുപോലെതന്നെ വീട്ടുനികുതി ഇളവിന്റെ കാര്യത്തിലും ചില നിയന്ത്രണങ്ങൾ കൊണ്ടുവന്നിരിക്കുകയാണ്. വിമുക്തഭടന്മാർക്ക് നൽകുന്ന പല ആനൂകൂല്യങ്ങളും മറ്റ് ചില വ്യവസ്ഥകൾ കൊണ്ടുവന്ന് കുറച്ചുകുറച്ചുവരികയാണ്. ഏതായാലും അവരുടെ ആവശ്യങ്ങൾ സംബന്ധിച്ച ഒരു നിവേദനം ഞാൻ അങ്ങേയ്ക്ക് തന്നിട്ടുണ്ട്. അതുകൊണ്ട് ഓരോന്നും വിശദമായി പറയുന്നില്ല. ഇത് ബന്ധപ്പെട്ടവരുമായി ആലോചിച്ച് ഇതിനൊരു പ്രശ്നപരിഹാരമുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട തേറമ്പിൽ രാമകൃഷ്ണൻ ഇവിടെ അവതരിപ്പിച്ച വിമുക്തഭടന്മാരുടെ ആവശ്യങ്ങളെക്കുറിച്ചുള്ള കാര്യം സംസ്ഥാന ഗവൺമെന്റ് വളരെ പ്രാധാന്യത്തോടുകൂടിത്തന്നെ കണക്കിലെടുക്കുന്നു. രാജ്യത്തിന് വേണ്ടി ജീവിതത്തിലെ ഏറ്റവും

നല്ല ഒരു കാലഘട്ടം, അവരുടെ ജീവിതവും സേവനവും സമർപ്പിച്ചവരാണ്. അവരോട് രാഷ്ട്രവും സംസ്ഥാനങ്ങളും നീതി പുലർത്തണമെന്ന അഭിപ്രായത്തോട് പൂർണ്ണമായും യോജിക്കുന്നു. ഇപ്പോൾ വിമുക്തഭടന്മാരുടെ ക്ഷേമത്തിനും പുനരധിവാസത്തിനും വേണ്ടി ഒരു ഡയറക്ടറേറ്റ് പ്രവർത്തിക്കുന്നുണ്ട്. മറ്റു സംസ്ഥാനങ്ങൾ കൊടുക്കുന്ന വിധത്തിലുള്ള ചില ആനുകൂല്യങ്ങൾ അവർക്ക് നൽകുന്നില്ല എന്ന് ശ്രദ്ധയിൽപ്പെട്ടയുടൻതന്നെ അത് മാറ്റി ഇന്ന് ഓരോ തലത്തിലും അവർക്ക് കൊടുക്കുന്ന ആനുകൂല്യങ്ങൾ നമ്മുടെ സംസ്ഥാനവും മറ്റ് സംസ്ഥാനങ്ങളോട് തുല്യമാക്കിയിട്ടുണ്ട്. അവരുടെ ചികിൽസയ്ക്കും ക്ഷേമപ്രവർത്തനത്തിനുംവേണ്ടി കേന്ദ്രഗവൺമെന്റ് ഏർപ്പെടുത്തുന്ന സംവിധാനങ്ങൾക്ക് സ്ഥലം വേണമെന്ന് പറഞ്ഞിട്ടുള്ള സ്ഥലങ്ങളിൽ സ്ഥലം കൊടുക്കുന്നതിനുള്ള തീരുമാനം എടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ അവരുടെ നിവേദനം എനിക്ക് തന്നിട്ടുണ്ട്. അത് പ്രത്യേകമായി പരിശോധിക്കും. ഒരു കാര്യം ഞാൻ ഉറപ്പുതരുന്നു മറ്റുസ്റ്റേറ്റുകളിൽ കൊടുക്കുന്ന എല്ലാവിധത്തിലുള്ള ആനുകൂല്യങ്ങളും വിമുക്തഭടന്മാർക്ക് കൊടുക്കും. എവിടെയെങ്കിലും കുറവുണ്ട് എന്നുകണ്ടാൽ അത് പരിഹരിക്കുമെന്ന് വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു. (ശ്രീ. വി. പി. സജീന്ദ്രൻ)

**മുൻ രാഷ്ട്രപതിക്ക് സ്മാരകം**

ശ്രീ. വി. പി. സജീന്ദ്രൻ: സർ, അധ:സ്ഥിത വിഭാഗക്കാർക്ക് മലയാളത്തിന്റെ മണ്ണിൽ നിന്നും വളർന്ന് ഇന്ത്യയുടെ രാഷ്ട്രപതിയാകുവാൻ കഴിയുമെന്ന് ജീവിതം കൊണ്ടു പഠിപ്പിച്ചയാളാണ് കെ. ആർ. നാരായണൻ. ഒരു പൊതുപ്രവർത്തകൻ എന്നതിലപ്പുറം അക്കാദമിക് രംഗത്തും അദ്ദേഹം നൽകിയ സംഭാവനകൾ നാം മറന്നുതുടങ്ങിയിരിക്കുന്നു. ലണ്ടൻ സ്കൂൾ

ഓഫ് ഇക്കണോമിക്സിലെ പഠനകാലം മുതൽ രാജ്യത്തിന്റെ ഒന്നാം പൗരനാകുന്നതുവരെയുള്ള അദ്ദേഹത്തിന്റെ സഞ്ചാരം ഇന്ത്യയുടെ നീറുന്ന പ്രശ്നങ്ങൾക്ക് നടുവിലൂടെയായിരുന്നു. ആ ജീവിതവും അദ്ദേഹത്തിന്റെ സാമൂഹ്യ കണ്ടെത്തലുകളും പുതുതലമുറയ്ക്ക് പകർന്നുനൽകുവാൻ പ്രസക്തമായ ശ്രമങ്ങളൊന്നും ഇതുവരെ ഉണ്ടായിട്ടില്ല. വളരെ താഴെത്തട്ടിൽ നിന്നും വളർന്ന് കേരളത്തിൽ നിന്ന് ആദ്യമായി രാഷ്ട്രപതിയായി വന്ന വ്യക്തിയെ നാം ഓർമ്മിക്കുന്നത് തലമുറകൾക്ക് ആവേശം പകരും. നിലവിൽ അത്തരം ശ്രമങ്ങൾ ഒന്നും ഇല്ലാത്തത് ചരിത്രത്തോടുകാണിക്കുന്ന നന്ദികേടാണ്. ഉഴവൂർ എന്ന കൊച്ചുഗ്രാമത്തിൽ ജനിച്ച് വിശ്വപൗരനായിത്തീർന്ന കെ.ആർ. നാരായണന് അദ്ദേഹത്തിന്റെ ജന്മനാടായ കോട്ടയത്ത് ഒരു സ്മാരകം നിർമ്മിക്കുക എന്നത് അദ്ദേഹവമായി ഏറ്റവും അടുപ്പമുണ്ടായിരുന്ന അങ്ങ് കേരളത്തിന്റെ മുഖ്യമന്ത്രിയായിരിക്കുമ്പോൾ അതിന് നേതൃത്വം കൊടുക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. അടിയന്തരമായി ഇതിനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, കെ.ആർ. നാരായണൻ നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം നമുക്ക് ഏറ്റവും അഭിമാനിക്കാവുന്ന ഒരു വ്യക്തിത്വത്തിന്റെ ഉടമയാണ്. ഇന്ത്യയുടെ രാഷ്ട്രപതി സ്ഥാനത്തേക്ക് ഉയർന്ന അദ്ദേഹം ഏതൊരു മലയാളിക്കും എല്ലാക്കാലവും സ്മരിക്കാൻ സാധിക്കത്തക്കവിധത്തിലുള്ള ഒരു വലിയ വ്യക്തിത്വത്തിന്റെ ഉടമയാണ്. അദ്ദേഹത്തിന്റെ ജന്മനാടായ ഉഴവൂരിലെ ഗവൺമെന്റാശുപത്രി അദ്ദേഹത്തിന്റെ പേരിലാണ്. ആ ആശുപത്രിയുടെ വികസനത്തിന് വേണ്ടിയുള്ള

എല്ലാ നടപടികളും ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. അതുപോലെ തന്നെ കോട്ടയം ജില്ലയിലെ അകലക്കുന്നം പഞ്ചായത്തിലെ തെക്കുംതല കെ.ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് ആന്റ് ആർട്സ് എന്ന ഒരു സ്ഥാപനം പ്രത്യേകമായ സംവിധാനങ്ങളോടെ അനുവദിച്ച് കെട്ടിട നിർമ്മാണത്തിനുള്ള സ്ഥലം ഏറ്റെടുത്തു. കെട്ടിട നിർമ്മാണം ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. കേന്ദ്രഗവൺമെന്റിന്റെ സഹായവും അതിനുവേണ്ടി ആവശ്യപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചത് കോട്ടയം നഗരത്തിൽ ഒരു സ്മാരകമില്ല, അല്ലെങ്കിൽ അദ്ദേഹത്തിന്റെ പ്രതിമ വച്ചിട്ടില്ല എന്നുള്ളതാണ് എന്ന് ഞാൻ മനസ്സിലാക്കുന്നത്. അത് ശരിയാണ്. നിശ്ചയമായും കോട്ടയത്തും അദ്ദേഹത്തിന് ഒരു സ്മാരകം ഉണ്ടാകേണ്ടത് ആവശ്യമാണെന്ന് കരുതുന്നു. ബഹുമാനപ്പെട്ട സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ പൊതു സ്ഥലങ്ങളിലും റോഡ് സൈഡിലും പ്രതിമ വയ്ക്കുന്നതിന് തടസ്സങ്ങളുണ്ട്. അതുകൊണ്ട് കോട്ടയം മുനിസിപ്പാലിറ്റിയുമായി ബന്ധപ്പെട്ട് അതിനുള്ള സാധ്യതകൾ ഗവൺമെന്റ് പരിശോധിക്കും എന്ന് വ്യക്തമാക്കാൻ കൂടി ഈയവസരം വിനിയോഗിക്കുന്നു.

## തടവുകാർക്ക് മർദ്ദനം

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, കോടതി ശിക്ഷിച്ചതിനെത്തുടർന്ന് കണ്ണൂർ സെൻട്രൽ ജയിലിൽ കഴിഞ്ഞിരുന്ന 9 തടവുകാരെ ഇക്കഴിഞ്ഞ 30-01-2014–ൽ വിയ്യൂർ സെൻട്രൽ ജയിലിലേക്ക് മാറ്റുകയുണ്ടായി. അർദ്ധ രാത്രിയോടുകൂടിയാണ് ഈ തടവുകാരെ വിയ്യൂർ സെൻട്രൽ ജയിലിൽ കൊണ്ടുവന്നത്. ഇവരെ ഓരോരുത്തരെയായിട്ടാണ് വാഹനത്തിൽ നിന്നും

ഇറക്കിയത്. ഓരോരുത്തരെയും പ്രത്യേകമായി തയ്യാറാക്കിയ മുറിയിൽ കൊണ്ടുപോയി അരമണിക്കൂറോളം ഭീകരമായി മർദ്ദിക്കുകയുണ്ടായി. ശബ്ദം പുറത്തുവരാതിരിക്കാൻ വായിൽ തോർത്ത് കുത്തിത്തിരുകിയാണ് മർദ്ദനം നടത്തിയതെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ഇവരിൽ പലർക്കും നട്ടെല്ലിന് ക്ഷതമേറ്റിട്ടുണ്ട്. ഇരുചെവികളും ശക്തമായി അടിയേറ്റ് തകർന്നുപോയിട്ടുണ്ട്. ഡ്യൂട്ടിയിലുണ്ടായിരുന്ന ആളുകളും അല്ലാത്തവരുമായ ഇരുപതോളം പേർ ചേർന്നാണ് ഇവരെ മർദ്ദിച്ചത്. ....(ബഹളം)......

മി. ചെയർമാൻ: അദ്ദേഹം ഒന്നു പറയട്ടെ. അദ്ദേഹം പറയട്ടെ. അദ്ദേഹത്തെ പറയാൻ അനുവദിക്കൂ. ....(ബഹളം)....

ശ്രീ. കെ. രാധാകൃഷ്ണൻ: പറയാൻ അനുവദിക്കണം. വേറൊന്നും പറയുന്നില്ല.

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം സംസാരിക്കൂ.

ശ്രീ. കെ. രാധാകൃഷ്ണൻ: ഈ വിവരം മാധ്യമങ്ങളിലൂടെ പുറത്തുവരികയുണ്ടായി. അതിന്റെയടിസ്ഥാനത്തിൽ ഞാനും ബഹുമാന്യനായ കെ.വി. അബ്ദുൾ ഖാദറും ജയിൽ സന്ദർശിക്കുകയുണ്ടായി. ആ സന്ദർശനത്തിനു ശേഷം മർദ്ദനമേറ്റ് കിടക്കുന്ന പ്രതികളെ ആശുപത്രിയിലേക്ക് എത്തിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടു. അതിന്റെ അടിസ്ഥാനത്തിൽ ഉന്നത ജയിൽ ഉദ്യോഗസ്ഥർക്കടക്കം കാര്യങ്ങൾ ബോദ്ധ്യപ്പെട്ടതിനാലാണ് ഇവരെ ചികിൽസയ്ക്കായി തൃശ്ശൂർ മെഡിക്കൽ കോളേജിലേക്ക് കൊണ്ടുപോയത്. അവിടെ എത്തിക്കഴിഞ്ഞ് പെട്ടെന്ന് തന്നെ അവരെ തിരിച്ചുകൊണ്ടുവരാൻ വേണ്ടിയുള്ള നടപടിയാണ് സ്വീകരിച്ചത്. വിദഗ്ദ്ധ ചികിൽസ നൽകാൻ വേണ്ടി തയ്യാറായിട്ടില്ല എന്നാണ് മനസ്സിലാക്കുന്നത്. ഇതുസംബന്ധിച്ച് ഉന്നതതലത്തിൽ ഗൂഢാലോചന നടന്നുവെന്നാണ് മന

സ്സിലാക്കൻ കഴിയുന്നത്. ഈ 9 പ്രതികളെയും കണ്ണൂർ ജയിലിൽ നിന്നും വിയ്യൂർ സെൻട്രൽ ജയിലിലേക്ക് കൊണ്ടുവന്നതുതന്നെ ഒരു ഗൂഢാലോചന യുടെ ഭാഗമായിട്ടാണെന്നാണ് മനസ്സിലാക്കുന്നത്. ഈ തടവുകാരെ മൃഗീയ മായി മർദ്ദിച്ച് അവശരാക്കുന്ന കാര്യത്തിലും ഗൂഢാലോചന നടന്നിട്ടുണ്ട്.

മി. ചെയർമാൻ: മൂന്ന് മിനിട്ടാകുന്നു.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, നമ്മുടെ നാട്ടിൽ ഒരു നിയമം ഉണ്ടല്ലോ; നമ്മുടെ നാട്ടിൽ ഒരു നിയമമുണ്ട്. ....(ബഹളം)....

മി. ചെയർമാൻ: സബ്മിഷൻ അനുവദിക്കണ്ടേ. കൊടുത്തതല്ലേ? ....(ബഹളം)....

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, നമ്മുടെ നാട്ടിൽ ഒരു നിയമം ഇല്ലേ? ഇങ്ങനെ ശിക്ഷിക്കപ്പെട്ട ആളുകളുടെ ശിക്ഷ കുറയ്ക്കണം എന്നല്ല ഞങ്ങൾ ആവശ്യപ്പെടുന്നത്.

മി. ചെയർമാൻ: നാല് മിനിട്ടാകുന്നു. ഒന്നു നിർത്തണം.

ശ്രീ. കെ. രാധാകൃഷ്ണൻ: നിയമം അനുസരിച്ച് പ്രവർത്തിക്കണ്ടേ? നിയമവും ന്യായവും ഇല്ലാതെ എല്ലാവരെയും തല്ലിക്കൊല്ലാമെന്നാണോ പറയുന്നത്.

മി. ചെയർമാൻ: അദ്ദേഹത്തെ പറയാൻ അനുവദിക്കൂ. ഒന്നവസാനിപ്പി ക്കൂ...

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഇവിടെ നിയമങ്ങളുണ്ട്, ചട്ടങ്ങളുണ്ട്. അതനുസരിച്ചല്ലേ നടക്കൂ. (............ബഹളം................)

മി. ചെയർമാൻ: സബ്മിഷൻ കൊടുത്തതല്ലേ.. ഒന്നു പറയട്ടെ... പ്ലീസ്.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, കുറ്റവാളികളെ സംരക്ഷിക്കണം എന്നല്ല ഞങ്ങൾ പറയുന്നത്.

മി. ചെയർമാൻ: ബഹുമാനപ്പെട്ട മെമ്പർ ഒന്നവസാനിപ്പിക്കണം ...(ബഹളം)...

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, അവർക്ക് നിയമം മൂലം കിട്ടിയ ശിക്ഷ അവർ അനുഭവിക്കട്ടെ. പക്ഷേ ജയിലിൽ നിലവിലുള്ള നിയമങ്ങളെയെല്ലാം തന്നെ ലംഘിച്ചുകൊണ്ടുള്ള ഭീകരമായിട്ടുള്ള മർദ്ദനമാണ് അഴിച്ചുവിടുന്നത്. അത് ഭരണഘടനാപരമായും മനുഷ്യാവകാശപരമായും നിയമാനുസൃതമല്ല. തടവുകാർക്ക് ലഭിക്കേണ്ട സംരക്ഷണം ഇവിടെ നിഷേധിക്കപ്പെടുകയാണ്.

മി. ചെയർമാൻ: അല്ല. ചട്ടം 304–ന്റെ ഉദ്ദേശം അറിയാമല്ലോ? ഒന്നു ചുരുക്കിപ്പറയൂ.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, തടവുകാർക്ക് കിട്ടേണ്ട സംരക്ഷണം ലഭിക്കണമെന്നുമാത്രമാണ് ഞങ്ങൾ ആവശ്യപ്പെടുന്നത്. കോടതി ശിക്ഷിച്ചതിനെത്തുടർന്ന് തടവിലാക്കപ്പെട്ട ഇവർക്ക് ഉന്നത നീതിപീഠമായ സുപ്രീം കോടതി നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കനുസൃതമായിട്ടുള്ള സംരക്ഷണം നിഷേധിക്കപ്പെട്ടിരിക്കുകയാണ്. അതോടൊപ്പം തന്നെ ഇവരെ ഭീകരമായി മർദ്ദിക്കുകയും ചെയ്തിരിക്കുകയാണ്. (..........ബഹളം.......)

മി. ചെയർമാൻ: ചട്ടം 304 അനുസരിച്ച് ചുരുക്കിപ്പറയൂ. ......(ബഹളം)...... ബഹുമാനപ്പെട്ട അംഗങ്ങൾ അവരവരുടെ സീറ്റുകളിൽ ഇരിക്കണം.

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി: സർ, ......(മൈക്ക് ഓഫ്)......

<u>മി. ചെയർമാൻ</u>: ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി, അങ്ങ് സീറ്റിലിരിക്കണം.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, ......(മൈക്ക് ഓഫ്)...... അവരോട് ഇരിക്കാൻ പറയണം. ഇവിടെ ഒരാൾ സംസാരിച്ചുകൊണ്ടിരിക്കുക യാണ്.

<u>മി. ചെയർമാൻ</u>: ബഹുമാനപ്പെട്ട മുൻ സ്പീക്കർ, അങ്ങയുടെ സബ്മി ഷൻ ചുരുക്കൂ.

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, അവരോട് ഇരിക്കാൻ പറയണം.

<u>മി. ചെയർമാൻ</u>: ശ്രീ. കെ. രാധാകൃഷ്ണൻ ഒഴികെ മറ്റെല്ലാവരും അവര വരുടെ സീറ്റുകളിൽ ഇരിക്കണം. ......(ബഹളം)...... അങ്ങ് ചുരുക്കൂ. ......(ബഹളം)...... സബ്മിഷൻ അവതരിപ്പിക്കുന്ന അംഗമൊഴികെ മറ്റെല്ലാവരും അവരവരുടെ സീറ്റുകളിൽ ഇരിക്കണം.

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, എന്നെ സംസാരിക്കാൻ അനുവദിക്ക ണം.

<u>മി. ചെയർമാൻ</u>: ഇത് ശരിയല്ല. എല്ലാവരും ഇരിക്കണം. ......(ബഹളം)...... ശ്രീ. അബ്ദുള്ളക്കുട്ടീ, അങ്ങ് ഇരിക്കണം. ശ്രീ. കെ. രാധാകൃഷ്ണൻ, അങ്ങ് അവസാനിപ്പിക്കൂ.

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ......(ബഹളം)......

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, ......(മൈക്ക് ഓഫ്)......ശ്രീ. കെ. രാധാകൃഷ്ണൻ മുൻ സ്പീക്കറാണ്. അദ്ദേഹം വളരെ ശാന്തമായി സംസാരി ക്കുന്നയാളാണ്. അദ്ദേഹത്ത സംസാരിക്കാൻ അനുവദിക്കണം. അവർക്ക് പറയാനുള്ളത് മാത്രമേ പറയാൻ കഴിയുകയുള്ളോ?

<u>മി. സ്പീക്കർ</u>: വിവാദപരമായ കാര്യങ്ങൾ പറയുമ്പോഴെല്ലാം ഇവിടെ ഇത്തരത്തിലുള്ള സംഭവങ്ങളുണ്ടായിട്ടുണ്ട്. മുൻ സ്പീക്കർ എന്ന നിലയിലുള്ള എല്ലാ ആദരവും കൊടുത്തുകൊണ്ടാണ് അദ്ദേഹത്തിന് ഈ സബ്മിഷൻ അനുവദിച്ചത്. അതിൽ സംശയമൊന്നും വേണ്ട. ഇടയ്ക്കു നിന്നുള്ള കമന്റുകളാണ് എല്ലാവരേയും ക്ഷോഭിപ്പിക്കുന്നത്. പ്ലീസ്..... പ്ലീസ്..... അങ്ങ് അവസാനിപ്പിക്കൂ.

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. കോടതി ശിക്ഷിച്ചതിനെത്തുടർന്ന് തടവിലാക്കപ്പെട്ടവർക്ക് ഉന്നത നീതിപീഠമായ സുപ്രീം കോടതി നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കനുസൃതമായി സംരക്ഷണം നൽകാൻ കഴിഞ്ഞിട്ടില്ല. അത് നിഷേധിക്കപ്പെട്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ ഈ തടവുകാരെ മർദ്ദിച്ച കുറ്റവാളികളെ സർവ്വീസിൽ നിന്നും മാറ്റിനിർത്തിക്കൊണ്ട് ഗൗരവപൂർണ്ണമായ അന്വേഷണം നടത്തി ഈ കാര്യത്തിൽ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് സന്നദ്ധമാകണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുന്നത്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, ടി. പി. ചന്ദ്രശേഖരൻ വധക്കേസിൽ സ്പെഷ്യൽ അഡീഷണൽ സ്പെഷ്യൽ കോർട്ട് (മാറാട് കേസസ്) 28-01-2014-ാം തീയതി ശിക്ഷിച്ച പ്രതികളായ അനൂപ്, കിർമാണി മനോജ്, കൊടി സുനി, ടി. കെ. രജീഷ്, മുഹമ്മദ് ഷാഫി, എസ്. സിജിത്, കെ. ഷിനോജ്, ട്രൗസർ മനോജ്, റഫീക്ക് എന്നിവരെ 30-01-2014-ാം തീയതി രാവിലെ 11.30-ന് കണ്ണൂർ എ.ആർ.എസ്.ഐ. വിജയൻ നാടാരുടെ നേതൃത്വത്തിൽ പത്ത് സി.പി.ഒ.-മാർ എസ്കോർട്ട് ചെയ്ത് വിയ്യൂർ സെൻട്രൽ ജയിലിൽ എത്തിച്ചു. കേരളാ പ്രിസൺസ് റൂൾ 10(496) പ്രകാരം ഡി.ജി.പി.-ക്ക് സുരക്ഷാ കാരണങ്ങളാൽ പ്രതികളെ ഒരു ജയിലിൽനിന്നും

മറ്റൊരു ജയിലിലേക്ക് മാറ്റാനുള്ള അധികാരമുണ്ട്. സുരക്ഷാ കാരണങ്ങളാലാണ് ഇവരെ കണ്ണൂരിൽനിന്ന് വിയ്യൂർ ജയിലിലേക്ക് എത്തിച്ചത്. അഡ്മിഷൻ എടുക്കുന്ന സമയത്ത് ഇവർ കൊണ്ടുവന്ന സാധനങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കിയപ്പോൾ ഈ സാധനങ്ങളെല്ലാം കണ്ണൂർ സെൻട്രൽ ജയിലിൽ പരിശോധിച്ചതാണെന്നും ചെല്ലുന്നിടത്തെല്ലാം ഇത് എന്തിനാടാ പരിശോധിക്കുന്നതെന്നും ചോദിച്ച് ഉദ്യോഗസ്ഥരോട് കയർത്ത് സംസാരിക്കുകയുണ്ടായി. എന്നാൽ ജയിൽ നിയമം അനുസരിച്ചുള്ള നടപടിക്രമത്തിന്റെ ഭാഗമായി ഉദ്യോഗസ്ഥർ ഇവർ കൊണ്ടുവന്ന ബക്കറ്റ്, ഡ്രസ്സുകൾ, മറ്റ് സാധനങ്ങൾ എന്നിവ നിർബന്ധപൂർവ്വം പരിശോധിക്കുകയുണ്ടായി. ഇതോടൊപ്പംതന്നെ ഇവരെ സെല്ലിലേക്ക് കൊണ്ടുപോയപ്പോൾ മൂന്നുപേരെയെങ്കിലും കുറഞ്ഞപക്ഷം ഒരു സെല്ലിൽത്തന്നെ പാർപ്പിക്കണമെന്ന് ആവശ്യപ്പെട്ട് ഇവർ ബഹളം വച്ച് സെല്ലിൽ കയറാതെനിന്ന സാഹചര്യത്തിൽ ഡ്യൂട്ടിയുടെ ഭാഗമായി ഇവരെ നിർബന്ധിച്ച് സെല്ലിൽ കയറ്റേണ്ടിവന്നു. ജയിലിലെ ഡെപ്യൂട്ടി ജയിലർമാരായ ശ്രീ. വിജയൻ പ്രതികളെ അഡ്മിറ്റ് ചെയ്തു. ഡ്യൂട്ടിയിലുണ്ടായിരുന്ന ജയിൽ വാർഡന്മാർ മേൽ തടവുപുള്ളികളെ പരിശോധിക്കുകയും സെല്ലിൽ അടയ്ക്കുന്നതിനായി കൊണ്ടുപോയി വിവിധ ബ്ലോക്കുകളിലെ സെല്ലുകളിൽ പാർപ്പിക്കുകയും ചെയ്തു. പുതുതായി അഡ്മിഷന് വരുന്നവരെ ജയിൽ ഡോക്ടർ പരിശോധിക്കുന്ന നടപടിക്രമത്തിന്റെ ഭാഗമായി 31-01-2014-ന് രാവിലെ ഇവരെ പരിശോധിച്ചു. സെല്ലിൽ അടയ്ക്കാൻ കൊണ്ടുപോയ സമയത്ത് ഗാർഡ് ഓഫീസർ റൂമിൽവച്ച് ഈ തടവുപുള്ളികളെ വടികൊണ്ട് കാൽവെള്ളയിലും പുറത്തും അടിക്കുകയും ഷൂസിട്ട കാലുകൊണ്ട് ചവിട്ടുകയും കൈമുട്ടുകൊണ്ട് പുറത്തിടിക്കുകയും ചെകിട്ടത്തടിക്കുകയും ചെയ്തതായി പ്രതികൾ ആരോപണം ഉന്നയിക്കുകയുണ്ടായി.

തുടർന്ന് 31–01–2014–ന് എം.എൽ.എ.–മാരായ ശ്രീ. കെ. രാധാകൃഷ്ണൻ, ശ്രീ. കെ. വി. അബ്ദുൾ ഖാദർ എന്നിവരും ശ്രീ. എം. ബാലാജി (കുന്നംകുളം ഏരിയാ സെക്രട്ടറി), ശ്രീ. ജോസ് (സി.പി.ഐ.(എം.) ചെറൂർ മുൻ ലോക്കൽ കമ്മിറ്റി സെക്രട്ടറി), അഡ്വ. വിശ്വൻ എന്നിവർ ജയിൽ സന്ദർശിച്ചിട്ടുള്ളതും അവരുടെ ആവശ്യപ്രകാരം മുഹമ്മദ് ഷാഫി, എസ്. സിജിത്, കെ. ഷിനോജ്, ട്രൗസർ മനോജ് എന്നീ പ്രതികളെ അന്നേദിവസം വൈകിട്ട് 7.00 മണിയോടെയും കിർമാണി മനോജ്, ടി. കെ. രജീഷ്, അനൂപ്, റഫീക്ക്, കൊടി സുനി എന്നീ അഞ്ച് പ്രതികളെ രാത്രി 8.50–ഓടെയും തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തിച്ച് വൈദ്യപരിശോധനയ്ക്ക് വിധേയമാക്കുകയും ഡോക്ടർമാർ പരിശോധിച്ച് രാത്രി 12.30–ഓടുകൂടി തിരികെ ജയിലിൽ എത്തിച്ചിട്ടുള്ളതുമാണ്. 30–01–2014–ന് അർദ്ധരാത്രിയിൽ പ്രതികളെ വിയ്യൂർ സെൻട്രൽ ജയിലിൽ എത്തിച്ച സമയം അവർ പ്രകോപനപരമായി പെരുമാറുകയും ജയിലിൽ അച്ചടക്കലംഘനം സൃഷ്ടിക്കുകയും ജയിൽ ഉദ്യോഗസ്ഥരെ അസഭ്യം പറയുകയും ചെയ്തിട്ടുള്ളതിനാൽ ഈ കാര്യങ്ങൾ അന്വേഷിച്ച് പ്രതികളുടെ മേൽ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് വിയ്യൂർ സെൻട്രൽ ജയിൽ സൂപ്രണ്ട് വിയ്യൂർ എസ്.എച്ച്.ഒ.–യ്ക്ക് നൽകിയ പരാതി അനുസരിച്ച് ഐ.പി.സി. 294(ബി), 34, പ്രിസൺ ആക്ട് സെക്ഷൻ 45 എന്നിവ പ്രകാരം ടി. പി. ചന്ദ്രശേഖരൻ വധക്കേസിൽ ശിക്ഷിക്കപ്പെട്ട തടവുകാരെ പ്രതികളാക്കി വിയ്യൂർ പോലീസ് സ്റ്റേഷൻ ക്രൈം 175/2014 ആയി കേസ് രജിസ്റ്റർ ചെയ്ത് പേരാമംഗലം സബ് ഇൻസ്പെക്ടർ ഊർജ്ജിതമായി അന്വേഷിച്ചുവരുന്നു. പ്രതികളായവരുടെ മൊഴികളും ഈ കേസിന്റെ അന്വേഷണത്തിന്റെ ഭാഗമായി രേഖപ്പെടുത്തുന്നതും ആവശ്യമായ അനന്തര നടപടികൾ സ്വീകരിക്കുന്നതുമാണ്.

**കണ്ടാശ്ശേരി പോലീസ് സ്റ്റേഷൻ**

ശ്രീ. പി. എ. മാധവൻ: സർ, ഗുരുവായൂർ ദർശനം നടത്തുന്ന ദശലക്ഷ ക്കണക്കിന് തീർത്ഥാടകരെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യമർഹി ക്കുന്ന ഒരു കാര്യം ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനാണ് ഈ സബ്മിഷൻ. ദക്ഷിണേന്ത്യയിലെ സുപ്രധാന ഹൈന്ദവ ക്ഷേത്രങ്ങളിലൊന്നായ ഗുരുവായൂർ ക്ഷേത്രത്തിൽ ദശലക്ഷക്കണ ക്കിന് ഭക്തരാണ് പ്രതിവർഷം ദർശനം നടത്തുന്നത്. ഐക്യജനാധിപത്യ മുന്നണി അധികാരമേറ്റ 2011–ൽ ഗുരുവായൂർ ക്ഷേത്രത്തിൽ തീവ്രവാദ ഭീഷ ണിയുണ്ടെന്ന വാർത്ത പ്രചരിച്ചു. ഭക്തജനങ്ങളെ വീർപ്പുമുട്ടിക്കുന്ന തര ത്തിലുള്ള സുരക്ഷാനടപടികളുടെ ഭാഗമായി ആശങ്കാജനകമായ ഒരന്ത രീക്ഷം 2011–ൽ ഗുരുവായൂർ ക്ഷേത്രത്തിൽ സംജാതമായി. ഇക്കാര്യം ബഹു മാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽക്കൊണ്ടുവന്നു. ബഹുമാനപ്പെട്ട ദേവ സ്വം വകുപ്പുമന്ത്രി, മണലൂർ–ഗുരുവായൂർ എം.എൽ.എ.–മാർ, ദേവസ്വം കമ്മിറ്റി, ഉന്നത പോലീസ് അധികൃതർ എന്നിവരടങ്ങുന്ന സമിതി മുഖ്യമന്ത്രി യുടെ സാന്നിധ്യത്തിൽ രണ്ടുതവണ യോഗം വിളിച്ചുകൂട്ടി ഒട്ടേറെ തീരുമാന ങ്ങൾ കൈക്കൊള്ളുകയുണ്ടായി. ഭക്തജനങ്ങളുടെ ദേഹപരിശോധ നയുൾപ്പടെയുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി ആധുനിക സാങ്കേതിക വിദ്യയിലുള്ള ഇലക്ട്രോണിക് ഉപകരണങ്ങൾ സ്ഥാപിക്കുന്ന തിനും ക്ഷേത്രനഗരിയാകെ ക്യാമറയുടെ നിരീക്ഷണത്തിലാക്കുവാനും തീരുമാനിച്ചിരുന്നു. ക്ഷേത്രവും പരിസരവും ഭക്തജനങ്ങൾ എത്തിച്ചേരുന്ന കേന്ദ്രങ്ങളും വ്യാപകാതിർത്തിയാക്കി ടെമ്പിൾ പോലീസ് സ്റ്റേഷൻ സ്ഥാപി ക്കുന്നതിനും തീരുമാനമെടുത്തിരുന്നു. അതിനാവശ്യമായ അടിയന്തര നടപ

ടികൾ കൈക്കൊള്ളുന്നതിനും തീരുമാനിക്കുകയുണ്ടായി. നിലവിലുള്ള ഗുരുവായൂർ സ്റ്റേഷനും അവശേഷിക്കുന്ന മറ്റ് പ്രദേശങ്ങളുംചേർന്ന് കണ്ടാശ്ശേരി പോലീസ് സ്റ്റേഷൻ തുറക്കുന്നതിനും തീരുമാനിച്ചിരുന്നു. നിലവിലുള്ള പോലീസ് സ്റ്റേഷൻ ടെമ്പിൾ സ്റ്റേഷനാക്കി മാറ്റുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. കണ്ടാശ്ശേരിയിൽ പോലീസ് സ്റ്റേഷനുള്ള സ്ഥലം കണ്ടെത്തുകയും ആയതിന്റെ പ്രാരംഭ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാവുകയും ചെയ്തിട്ടുണ്ട്. ടെമ്പിൾ സ്റ്റേഷനാവശ്യമായ സേനാംഗങ്ങളെയും മറ്റും നിയോഗിക്കുന്നതിനാവശ്യമായ സാമ്പത്തികാനുമതി മാത്രമാണ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള തടസ്സമായി മനസ്സിലാക്കുന്നത്. രണ്ടുവർഷംമുമ്പ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ കൈക്കൊണ്ട ഈ തീരുമാനം നടപ്പിലാക്കാതെ അനന്തമായി നീട്ടിക്കൊണ്ടുപോകുന്നത് ന്യായീകരിക്കാവുന്നതല്ല. ക്ഷേത്രകവാടങ്ങളിലും മറ്റുമായി സ്ഥാപിക്കേണ്ട ആധുനിക ഉപകരണങ്ങൾ ഇതിനകം വാങ്ങി ഗുരുവായൂരിൽ എത്തിച്ചിട്ടുണ്ട്. മണ്ഡലപൂജക്കാലത്ത് ശബരിമലയിലെത്തുന്ന ഭക്തജനങ്ങളിൽ മഹാഭൂരിപക്ഷവും ഗുരുവായൂരിലും ദർശനം നടത്തുന്നുണ്ട്. അന്യരാജ്യങ്ങളിലും അന്യസംസ്ഥാനങ്ങളിലും നിന്നെത്തിച്ചേരുന്ന ലക്ഷക്കണക്കിന് ഭക്തജനങ്ങളുടെയും ക്ഷേത്രസമുച്ചയത്തിന്റെയും സുരക്ഷ മുൻനിർത്തി അടിയന്തരമായി ടെമ്പിൾ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനും അവശേഷിക്കുന്ന പ്രദേശങ്ങൾ ഉൾപ്പെടുത്തി കണ്ടാശ്ശേരി പോലീസ് സ്റ്റേഷൻ തുറക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഗുരുവായൂർ, പാവറട്ടി, പേരാമംഗലം, വിയ്യൂർ പോലീസ് സ്റ്റേഷനുകളും തൃശ്ശൂരിന്റെ കിഴക്കേ അറ്റവും പടിഞ്ഞാറേ അറ്റവും ഉൾപ്പെടുത്തി 2011–ൽ രൂപം നൽകിയ ഗുരുവായൂർ സബ്ഡിവിഷൻ മുൻ സർക്കാരിന്റെ കാലത്തെ

തെറ്റായ സമീപനംകൊണ്ട് രൂപംകൊണ്ടതാണ്. ഇതിൽ വിയ്യൂർ സ്റ്റേഷൻ പ്രദേശം തൃശ്ശൂർ സിറ്റിയോട് ചേർന്നുകിടക്കുന്നതാണ്. വിയ്യൂർ സ്റ്റേഷനെ തൃശ്ശൂർ സിറ്റി പരിധിക്കുള്ളിലാക്കുകയും അവശേഷിക്കുന്ന സ്റ്റേഷനുകൾ പഴയതുപോലെ ഗുരുവായൂർ സബ്ഡിവിഷനാക്കി മാറ്റണമെന്നുകൂടി അഭ്യർത്ഥിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, തൃശ്ശൂർ ജില്ലയിലെ ഗുരുവായൂർ ശ്രീകൃഷ്ണ ക്ഷേത്രം തെക്കേ ഇന്ത്യയിലെ പ്രസിദ്ധിയാർജ്ജിച്ച ക്ഷേത്രങ്ങളിലൊന്നാണ്. ദിനംപ്രതി കേരളത്തിലെയും അന്യസംസ്ഥാനങ്ങളിലെയും ആയിരക്കണക്കിന് ഭക്തൻമാർ നിത്യവും ഈ ക്ഷേത്രത്തിൽ ദർശനത്തിന് എത്തുന്നുണ്ട്. ഭക്തജനങ്ങളിൽ വലിയ ഒരു വിഭാഗം ക്ഷേത്രപരിസരത്ത് ദിവസങ്ങളോളം തങ്ങിയശേഷമാണ് മടങ്ങിപ്പോകാറുള്ളത്. ഇത്രയും ഭക്തജനങ്ങൾക്ക് ശരിയായ രീതിയിലുള്ള സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തുകയെന്നത് വലിയ ഒരു പ്രശ്നം തന്നെയാണ്. ഇത്രയും ആൾക്കാർ വന്നുപോകുന്നതുമൂലമുള്ള കടുത്ത ഗതാഗതക്കുരുക്ക് നിയന്ത്രിക്കുക എന്ന ഭാരിച്ച ജോലികൂടി പോലീസിന് നിർവ്വഹിക്കേണ്ടതായിട്ടുണ്ട്. ക്ഷേത്രത്തിന്റെ പരിസരത്ത് അനേകം ലോഡ്ജുകളും ബിസിനസ്സ് സ്ഥാപനങ്ങളും സ്ഥിതി ചെയ്യുന്നതിനാൽ രാപ്പകൽ ഭേദമെന്യേ അമ്പലത്തിലും പരിസരത്തും സുരക്ഷ ഏർപ്പെടുത്തേണ്ടതായിട്ടുണ്ട്. ഇപ്പോൾ അമ്പലത്തിലും പരിസരത്തും സുരക്ഷയും ക്രമസമാധാനപരിപാലനവും നടത്തുന്നത് അമ്പലത്തിന്റെ അധികാര പരിധിയിൽ നിക്ഷിപ്തമായ ഗുരുവായൂർ പോലീസ് സ്റ്റേഷനിലെ സേനാഗംങ്ങളാണ്. അമ്പലത്തിനും ഭക്തജനങ്ങൾക്കും ആവശ്യമായ സുരക്ഷ പ്രദാനം ചെയ്യുന്നതിന് അമ്പലത്തിനും പരിസരപ്രദേശത്തിനും മാത്രമായി ഒരു പോലീസ്

സ്റ്റേഷൻ തുടങ്ങേണ്ടത് അത്യാവശ്യമാണെന്ന് കണ്ടതിന്റെ അടിസ്ഥാനത്തിൽ ഗുരുവായൂർ ടെമ്പിൾ പോലീസ് സ്റ്റേഷൻ എന്ന പേരിൽ പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുവാനും അത് നിലവിൽ വരുന്നതോടെ ഇപ്പോഴുള്ള ഗുരുവായൂർ പോലീസ് സ്റ്റേഷനെ സൗകര്യപ്രദമായ മറ്റൊരു സ്ഥലത്തേക്ക് മാറ്റുന്നതിനുംവേണ്ട വിശദമായ പ്രൊപ്പോസൽ സർക്കാർ പരിഗണനയിലാണ്. എന്നാൽ വ്യയനിയന്ത്രണങ്ങൾ നിലവിലുള്ളതുകാരണം പുതിയ തസ്തികകൾ ആരംഭിക്കുന്നതിന് പരിമിതിയുണ്ട്. ആകയാൽ പ്രസ്തുത പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് ആവശ്യമായ തസ്തികകൾ പുനർവിന്യാസം നടത്തി കണ്ടെത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണ്. ശ്രീ. പി. എ . മാധാവൻ വളരെ പ്രധാനപ്പെട്ട ആവശ്യമാണ് ഉന്നയിച്ചത്. അതുകൊണ്ട് അടിയന്തരമായി ടെമ്പിൾ പോലീസ് സ്റ്റേഷൻ ആരംഭിക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഗുരുവായൂർ പോലീസ് സ്റ്റേഷൻ നിലവിൽ വരുന്നതോടെ ഇപ്പോഴുള്ള ഗുരുവായൂർ പോലീസ് സ്റ്റേഷൻ സൗകര്യപ്രദമായ മറ്റൊരു സ്ഥലത്തേക്ക് മാറ്റിസ്ഥാപിക്കാനും ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

## ഉപ്പള ഫയർ സ്റ്റേഷൻ

ശ്രീ. പി. ബി. അബ്ദുൾ റസാക്: സർ, എന്റെ നിയോജക മണ്ഡലത്തിലെ മംഗൽപാടി പഞ്ചായത്തിൽ പൊളിഞ്ഞുവീഴാറായ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഉപ്പള ഫയർ സ്റ്റേഷന് സ്വന്തമായ കെട്ടിടം പണിയുന്നതിനും ഫയർ സ്റ്റേഷന്റെ നിലവിലുള്ള ശോചനീയാവസ്ഥ പരിഹരിക്കണമെന്നുമുള്ള ആവശ്യമാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. ഫയർ സ്റ്റേഷൻ പ്രവർത്തിക്കുന്ന താത്കാലിക കെട്ടിടത്തിന്റെ അവസ്ഥ വളരെ ദയ

നീയമാണ്, മഴക്കാലത്ത് ചോർന്നൊലിക്കുന്നതും ഏത് നിമിഷവും ഇടിഞ്ഞു വീഴാൻ സാദ്ധ്യതയുളളതുമാണ്. മംഗൽപാടി പഞ്ചായത്തിൽ സ്വാങ്കാൽ എന്ന സ്ഥലത്ത് ഒന്നര ഏക്കർ സ്ഥലം ഫയർ സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനായി കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് ഉടനെ കെട്ടിടം പണിയുന്നതിന് നടപടിയുണ്ടാകണമെന്നതാണ് പ്രധാന ആവശ്യം. കഴിഞ്ഞ ബഡ്ജറ്റിൽ അതിനായി ചെറിയ തുക നീക്കി വച്ചിട്ടുണ്ട്. അതുപോലെ ജീവനക്കാരുടെ കുറവ് പരിഹരിക്കണമെന്നും വാഹനസൗകര്യം ലഭ്യമാക്കണമെന്നും കൂടി ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ഉപ്പള ഫയർ സ്റ്റേഷനുവേണ്ടി പുതിയ കെട്ടിടം പണിയുന്നതിന് കാസർഗോഡ് ജില്ലയിൽ മംഗൽപാടി പഞ്ചായത്തിൽ സർവ്വേ നം. 50/1-ൽപ്പെട്ട ഒന്നര ഏക്കർ സ്ഥലം ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥലത്ത് പുതിയ കെട്ടിടം പണിയുന്നതിന് 150 ലക്ഷം രൂപയുടെ ഭരണാനുമതി നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് കമാൻഡന്റ് ജനറൽ നൽകിയ പ്രൊപ്പോസൽ സർക്കാർ വിശദമായി പരിശോധിച്ചു. നടപ്പുസാമ്പത്തികവർഷം ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് വകുപ്പിലേക്കായി കെട്ടിടം പണിയുന്നതിന് വൻകിട മരാമത്ത് പണികൾ എന്ന ശീർഷകത്തിൽ നാലുകോടി രൂപയാണ് വകയിരുത്തിയിരുന്നത്. എന്നാൽ പ്രസ്തുത ശീർഷകത്തിൽ അനുവദിച്ച തുകയ്ക്ക് നൽകാവുന്ന ഭരണാനുമതിയുടെ പരമാവധി കഴിഞ്ഞതിനാൽ ഉപ്പള ഫയർ സ്റ്റേഷൻ കെട്ടിടം പണിയുന്നതിനും ഫയർ സ്റ്റേഷന്റെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനും അടുത്ത സാമ്പത്തികവർഷം ആദ്യം നടപടികൾ സ്വീകരിക്കാൻ

തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ഫയർ ഫോഴ്സിൽ നിലവിലുള്ള 30 ശതമാനം ജീവനക്കാരുടെ തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്. പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി. ടെസ്റ്റ് നടത്തുകയും അടുത്തപടിയായി കായികക്ഷമതാ പരീക്ഷ നടത്തി തയ്യാറാക്കുന്ന ലിസ്റ്റിൽ നിന്നും ഉദ്യോഗാർത്ഥികളെ പി.എസ്.സി. ശുപാർശ ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ നിയമിക്കുന്നതാണ്. ബഹുമനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതനുസരിച്ച് പുതിയ സാമ്പത്തികവർഷാരംഭത്തിൽത്തന്നെ കെട്ടിടത്തിന്റെ പണികൾ ആരംഭിക്കാൻ വേണ്ടിയുള്ള ശരിയായ നിർദ്ദേശം നൽകിയിട്ടുണ്ട്.

## പത്രലേഖകന് മർദ്ദനം

ശ്രീ. ബി. സത്യൻ: സർ, വളരെ ഗൗരവമുള്ള ഈ വിഷയം രണ്ടുപ്രാവശ്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയും രണ്ട് നിവേദനങ്ങൾ സമർപ്പിക്കുകയും കിളിമാനൂർ-ആറ്റിങ്ങൽ പത്രപ്രവർത്തക ഐക്യവേദി അങ്ങയെകണ്ട് നിവേദനം സമർപ്പിക്കുകയും ചെയ്ത വിഷയമാണ്. 2014 ജനുവരി മാസം 19-ന് രാവിലെ 9.30 മണിക്ക് കിളിമാനൂർ സ്വദേശിയും 67 വയസ്സ് പ്രായവുമുള്ള മംഗളം പത്രത്തിന്റെ സീനിയർ റിപ്പോർട്ടറായ ശ്രീ. എസ്. രാജന്റെ നേരെ നടന്ന വധശ്രമമാണ് വിഷയം. വളരെ സീനിയറായിട്ടുള്ള, ഈ ജില്ലയിലെതന്നെ ഏറ്റവും പ്രായമുള്ള പത്രപ്രവർത്തകരിൽ ഒരാളാണ് ശ്രീ. എസ്. രാജൻ. അദ്ദേഹത്തെ മൊബൈൽ ഫോണിൽ വിളിച്ചുവരുത്തി അദ്ദേഹത്തിന്റെ വീടിന് സമീപംവച്ച് ആദ്യം തലയ്ക്കടിച്ച് പരിക്ക് ഏൽപ്പിക്കുകയും തുടർന്ന് ഭീകരമായി മർദ്ദിക്കുകയും ഇടതു കാൽ വടിവാൾ കൊണ്ടുള്ള അക്രമണിത്തിൽ അറ്റുവീഴുകയും ചെയ്തു. വളരെ ഗുരുതരമായ നിലയിൽ വെഞ്ഞാറമൂടുള്ള സ്വകാര്യ മെഡിക്കൽ കോളേജാശുപത്രി

യിലെ തീവ്രപരിചരണ വിഭാഗത്തിൽ അഡ്മിറ്റ് ചെയ്യുകയും രണ്ട് പ്രാവശ്യം ശസ്ത്രക്രിയയ്ക്ക് വിധേയമാക്കുകയും ചെയ്തു. വളരെ ഗുരുതരമായ അവസ്ഥയിൽ അദ്ദേഹത്തിന്റെ നില തുടരുകയാണ്. നീണ്ട 15 ദിവസം കഴിഞ്ഞിട്ടും ഇതുവരെ പ്രതികളെ പിടിക്കുവാനോ അതിനുള്ള നടപടികളോ ആയിട്ടില്ല എന്നകാര്യം വളരെ വിഷമത്തോടെ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. പ്രതികൾ അദ്ദേഹത്തെ വിളിച്ച മൊബൈൽ ഫോൺ നമ്പർ ഇതിനകം പോലീസ് സെർച്ച് ചെയ്തുകഴിഞ്ഞു. അങ്ങയുടെ നിർദ്ദേശപ്രകാരം ഉന്നത പോലീസ് ഉദ്യോഗസ്ഥർ ഇടയ്ക്ക് ഇടപെടുകയും പ്രതികളെ പിടികൂടുമെന്ന നിലവരെ വരികയും ചെയ്തു എന്ന് ഞങ്ങൾ മനസ്സിലാക്കുന്നു. നിർഭാഗ്യവശാൽ ആ പ്രതികളെ അറസ്റ്റ് ചെയ്യാനോ പൊതുജനസമക്ഷം കൊണ്ടുവരാനോ കഴിഞ്ഞിട്ടില്ല എന്ന ദയനീയസ്ഥിതി അങ്ങയെ ഓർമ്മിപ്പിക്കുകയാണ്. ഏതോ കേന്ദ്രത്തിൽനിന്നുമുള്ള ഇടപെടൽ പ്രതികളെ സംരക്ഷിക്കുവാൻ നടക്കുന്നുവെന്ന് ഞങ്ങൾ മനസ്സിലാക്കുന്നു. ഇക്കാര്യം സംബന്ധിച്ച് അവിടത്തെ പത്രമാധ്യമങ്ങൾക്കും തദ്ദേശ സ്വയം ഭരണസ്ഥപനങ്ങളിൽ വരുന്നർക്കുമെല്ലാം വലിയ ഉത്കണ്ഠയുണ്ട്. വരുന്ന 18-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി കിളിമാനൂർ സിവിൽ സ്റ്റേഷന്റെ ഉദ്ഘാടനം നിർവ്വഹിക്കാൻ വരികയാണ്. ഇന്നലെ അവിടെ ചേർന്ന സർവ്വകക്ഷിയോഗത്തിൽ പത്രക്കാർ പങ്കെടുത്തില്ല. ശക്തമായ പ്രതിഷേധം അവിടുത്തെ പത്രപ്രവർത്തകരുടെ ഭാഗത്തു നിന്ന് വരികയാണ്. ലോക്കൽ പോലീസിനെക്കൊണ്ട് തൃപ്തികരമായ അന്വേഷണം നടത്താൻ കഴിയാത്ത സാഹചര്യത്തിൽ ക്രൈംബ്രാഞ്ചിനെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന ആവശ്യം ഉയർന്നുകഴിഞ്ഞു. ഈ കേസിന്റെ അന്വേഷണം ക്രൈം ബ്രാഞ്ചിനെ ഏൽപ്പിക്കണമെന്ന് അഭ്യർത്ഥി

ക്കുകയാണ്. രണ്ട് ശസ്ത്രക്രിയ കഴിഞ്ഞ സാഹചര്യത്തിൽ അദ്ദേഹത്തിന് കാര്യമായ ചികിത്സാ സഹായംകൂടി നൽകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ആ പ്രദേശത്ത് അടുത്തകാലത്ത് അക്രമപരമ്പരകൾതന്നെ ഉണ്ടായിക്കൊണ്ടി രിക്കുന്നു. ഗുണ്ടാ മാഫിയാ സംഘങ്ങളുടെ എതിരെ ശക്തമായ ഇടപെടൽ പോലീസിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണം. ഈ കേസ് ക്രൈം ബ്രാഞ്ചിനെ ക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇക്കാര്യം ബഹുമാനപ്പെട്ട അംഗം ബി. സത്യൻ നേരത്തെതന്നെ എന്റെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. അദ്ദേഹം നിവേദനവും നൽകിയിരുന്നു. മംഗളം ദിനപ്പത്രത്തിന്റെ കിളിമാനൂർ പ്രാദേശിക ലേഖകൻ പഴയകുന്നുമ്മൽ വില്ലേജിൽ ശ്രീ. രാജൻ പത്രത്തിൽ വാർത്ത നൽകുന്നതുമായി ബന്ധപ്പെ ട്ടുള്ള വിരോധം നിമിത്തം ടിയാനെ ദേഹോപദ്രവം ഏൽപ്പിക്കണമെന്ന ഉദ്ദേ ശ്യത്തോടെയും കരുതലോടെയും 19-01-2014 രാവിലെ 9.15-ന് കിളിമാനൂർ ഠൗൺ മുസ്ലീം പള്ളിക്ക് സമീപത്തുകൂടി നടന്നുപോകുമ്പോൾ കണ്ടാലറിയാ വുന്ന പ്രതി കൈയിൽ അറുപ്പ് തടിക്കഷണവുമായിവന്ന് ഇടതുകാൽ ഭാഗത്ത് അടിക്കുകയും ടിയാന് കാൽക്കുഴയ്ക്ക് മുകളിലായി മുറിവേൽക്കുകയും എല്ലുകൾക്ക് പൊട്ടലും സംഭവിക്കുകയും ചെയ്തു. ഇതേത്തുടർന്ന് പരിക്കുപ്പറ്റി വെഞ്ഞാറമൂട് ശ്രീ ഗോകുലം മെഡിക്കൽ കോളേജ് ആശുപത്രി യിൽ ചികിത്സയിൽ കഴിഞ്ഞുവരുന്ന ശ്രീ. രാജന്റെ മൊഴിയുടെ അടിസ്ഥാന ത്തിൽ 19-01-2014-ൽ കിളിമാനൂർ സ്റ്റേഷനിൽ ക്രൈം 18/14 �due/െ 324, 326 ഐ.പി.സി. പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയും ടിയാന്റെ കേസിന്റെ അന്വേഷണത്തിൽ കുറ്റകരമായ നരഹത്യശ്രമംകൂടി നടന്നുവെന്ന് വെളിവായ തിനാൽ എഫ്.ഐ.ആർ.-ൽ മുമ്പ് ചേർത്തിരുന്ന വകുപ്പുകൾക്ക് പുറമെ

സെക്ഷൻ 308 ഐ.പി.സി. കൂടിച്ചേർത്ത് കിളിമാനൂർ പോലീസ് സബ് ഇൻസ്പെക്ടർ ഊർജ്ജിതമായ അന്വേഷണം നടത്തി വരുന്നു. മംഗളം ദിനപ്പത്രത്തിൽ രാജൻ കൊടുക്കുന്ന വാർത്തകൾ ചിലർക്ക് ടിയാനോട് ശത്രുതയുണ്ടാകാൻ കാരണമായിട്ടുണ്ടെന്നും സി.പി.ഐ.(എം) പഴയകുന്നുമ്മൽ ലോക്കൽ കമ്മിറ്റി സെക്രട്ടറിയായിരുന്ന ബൈജു എന്നയാൾക്ക് ലേഖകനോട് ശത്രുതയുണ്ടായിരുന്നതായും തല്ലുമെന്ന് ഭീഷണിപ്പെടുത്തിയിരുന്നതായും വെളിവായിട്ടുണ്ട്. കൂടാതെ പഴയകുന്നുമ്മൽ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽനിന്നും ചട്ടവിരുദ്ധമായി ലോൺ നൽകിയെന്ന് ആരോപിച്ച് രാജൻ പതിനെട്ടോളം ചോദ്യങ്ങൾ ചോദിച്ചിരുന്നുവെന്നും ആയതിന്റെ മറുപടി 19-01-2014-ൽ നടന്ന ജനറൽ ബോഡി യോഗത്തിൽ ലഭിക്കേണ്ടതായിരുന്നുവെന്നും പ്രസ്തുത യോഗത്തിൽ പങ്കെടുക്കുന്നതിനായി വീട്ടിൽ നിന്നും പോകുന്ന വഴിക്കാണ് ദേഹോപദ്രവം ഏൽപ്പിച്ചതെന്നും കൃത്യം ചെയ്തയാളെ ഇനിയും കണ്ടാലറിയുമെന്നും ടിയാൻ മൊഴി നൽകിയിട്ടുണ്ട്. കേസ് അന്വേഷണവുമായി ബന്ധപ്പെട്ട് കൂടുതൽ സാക്ഷികളെ ചോദ്യം ചെയ്തിട്ടുണ്ട്. രാജന്റെ മൊഴിയിൽ പ്രതിയായി പറയുന്ന ആളുടെ രൂപസാദൃശ്യമുള്ള ആൾക്കാരെ കാണിച്ചുവെങ്കിലും യഥാർത്ഥപ്രതിയെ ടിയാന് തിരിച്ചറിയാൻ കഴിഞ്ഞില്ല. സംശയമുള്ളവരുടെ കാൾ ഡീറ്റെയ്ൽസ് വെരിഫൈ ചെയ്ത് പ്രതിയെ കണ്ടെത്താനുള്ള ഊർജ്ജിതശ്രമം കിളിമാനൂർ പോലീസ് സബ് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ നടന്നുവരുന്നു. ഈ കേസ് അന്വേഷണം നടക്കട്ടെ, അന്വേഷണത്തിൽ ഫലപ്രദമായ പുരോഗതിയില്ലെങ്കിൽ ശ്രീ. ബി. സത്യൻ ഉന്നയിച്ച കാര്യം ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

## ദിലീപ് കുമാറിന്റെ മരണം

ശ്രീ. എ. എം. ആരിഫ്: സർ, അരൂർ നിയോജകമണ്ഡലത്തിലെ തുറവൂർ പഞ്ചായത്തിൽ താമസിക്കുന്ന ദിലീപ് കുമാർ എന്ന ചിട്ടിക്കമ്പനി ഉടമ ജനുവരി 31–ാം തീയതി വെളുപ്പിന് പൂങ്കാവ് ജംഗ്ഷനിൽവച്ച് ഒരു സാൻട്രോ കാറിനുള്ളിൽ കൊല്ലപ്പെട്ട നിലയിൽ കാണുകയുണ്ടായി. വളരെ ദുരൂഹമായ സാഹചര്യത്തിലാണ് ആ അപകടമരണം നടന്നിരിക്കുന്നത്. ഇതിന്റെ പ്രാധാന്യം കണക്കിലെടുത്ത് മിക്കവാറും എല്ലാ മാദ്ധ്യമങ്ങളും ഒന്നാം പേജിൽ തന്നെ ആ വാർത്ത പ്രസിദ്ധീകരിക്കുകയുണ്ടായി. ഞാൻ ആ സംഭവസ്ഥലം സന്ദർശിക്കുകയുണ്ടായി. അവിടെ കാണുന്ന സാഹചര്യങ്ങൾ പരിശോധിച്ചാൽ ആത്മഹത്യയ്ക്കുള്ള യാതൊരു സാഹചര്യവും കാണുന്നില്ല. മാദ്ധ്യമങ്ങളും അന്വേഷണ ഏജൻസികളുമെല്ലാം കൊലപാതകമെന്ന നിലയിൽ തന്നെയുള്ള അന്വേഷണമാണ് നടത്തുന്നത്. 30 വർഷങ്ങൾക്കുമുമ്പ് ഇതുപോലെ സുകുമാരക്കുറുപ്പ് എന്നയാൾ ചാക്കോയോ കൊലപ്പെടുത്തിയതിന്റെ അന്വേഷണം ഇതുവരെ എങ്ങുമെത്തിയിട്ടില്ല. ഇതുവരെ സുകുമാരക്കുറുപ്പിനെ പിടിക്കാനും കഴിഞ്ഞിട്ടില്ല. ഈ അടുത്ത നാളിൽ ചില മാദ്ധ്യമങ്ങൾ അതിന്റെ 30–ാം വാർഷികം ആഘോഷിച്ചുകൊണ്ടുള്ള വാർത്തകൾ പ്രസിദ്ധീകരിക്കുകയുണ്ടായി. ചില കേസുകളിൽ വേണ്ടത്ര ശുഷ്കാന്തി കാണിക്കാത്തതിന്റെ ഫലമായിട്ടാണ് ഇത്തരം ഞെട്ടിപ്പിക്കുന്ന സംഭവങ്ങൾ നടക്കുന്നത്. നാടിനെയാകെ ഞെട്ടിച്ച ഒരു സംഭവമാണ്. ഇദ്ദേഹത്തിന് അവിടെ ശത്രുക്കളാരുമുള്ളതായി ഇതുവരെ ആരും പറയുന്നില്ല. ആത്മഹത്യയ്ക്കുള്ള സാഹചര്യങ്ങളുമില്ല. മാത്രമല്ല, സാമ്പത്തികമായ യാതൊരു പ്രയാസങ്ങളുമില്ല. ബിസിനസെല്ലാം ലാഭകരമായ നിലയിലാണ് മുന്നോട്ടു പൊയ്ക്കൊണ്ടിരു

ന്നത്. ഭാര്യയും രണ്ടുമക്കളുമുള്ള ഇദ്ദേഹത്തിന്റെ മരണം സമൂഹത്തെയാകെ ഞെട്ടിപ്പിക്കുന്ന ഒരു സംഭവമായി മാറിയിരിക്കുകയാണ്. ഇതുസംബന്ധിച്ച് വളരെ ഗൗരവമേറിയ ഒരു അന്വേഷണം നടത്തേണ്ടതായിട്ടുണ്ട്. ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെ നിയോഗിച്ചുകൊണ്ട് അന്വേഷിക്കേണ്ടതായിട്ടുണ്ട്. ഇതുസംബന്ധിച്ച് അവരുടെ ബന്ധുക്കളുടെ അപേക്ഷ എന്റെ കവറിംഗ് ലെറ്ററടക്കം എറണാകുളം റെയ്ഞ്ച് ഐ.ജി.-ക്ക് രേഖാമൂലം കൊടുക്കുകയും സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെക്കൊണ്ട് അന്വേഷിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ഈ വിഷയം വളരെ ഗൗരവപൂർവ്വം കണ്ടുകൊണ്ട് അന്വേഷണം സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെ ഏൽപ്പിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട അംഗം എ. എം. ആരിഫ് ഉന്നയിച്ച കാര്യം ഞാനും പത്രമാധ്യമങ്ങളിലൂടെയാണ് അറിഞ്ഞത്. സ്വകാര്യ ചിട്ടിക്കമ്പനിയുടമയും ഓൾ കേരള ചിട്ടി ഫണ്ട് അസോസിയേഷൻ ട്രഷററുമായ തുറവൂർ ബഡോവ ഹൗസിൽ ദിലീപ് കുമാർ (49 വയസ്സ്) ഓടിച്ചുവന്നിരുന്ന സാൻട്രോ കാർ 31-01-2014-ന് പുലർച്ചെ 1.30 മണിയോടെ ആലപ്പുഴ നോർത്ത് പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട പൂങ്കാവ് ജംഗ്ഷനുസമീപം ഉദ്ദേശം 50 മീറ്റർ തെക്കുമാറി നാഷണൽ ഹൈവേ റോഡിൽ ടാർ റോഡിൽനിന്ന് ഒന്നര മീറ്റർ വശത്തുമാറി തീപിടിച്ചു. അതുവഴിവന്ന തിരുവനന്തപുരം ഡാൻസ് അക്കാഡമി നാടക ട്രൂപ്പുകാർ സംഭവം കണ്ട് വാഹനം നിർത്തി രക്ഷാപ്രവർത്തനം നടത്തി. അവർ ഫോണിലൂടെ അറിയിച്ചതനുസരിച്ച് ഫയർ ഫോഴ്സും പോലീസും നാട്ടുകാരുംചേർന്ന് തീയണച്ച് പൊള്ളലേറ്റ ദിലീപ് കുമാറെ ആല

പ്പുഴ വണ്ടാനം മെഡിക്കൽ കോളേജ് ആശുപത്രിയിലെത്തിച്ചു. ഡോക്ടർമാർ പരിശോധിച്ചപ്പോൾ ദിലീപ് കുമാർ മരിച്ചതായി സ്ഥിരീകരിച്ചു. പ്രസ്തുത മരണം സംബന്ധിച്ച് ദിലീപ് കുമാറിന്റെ ബന്ധുവായ പ്രദീപ് കുമാറിന്റെ പരാതി പ്രകാരം ആലപ്പുഴ നോർത്ത് പോലീസ് സ്റ്റേഷനിൽ സി.ആർ.പി.സി. 174–ാം വകുപ്പ് പ്രകാരം ക്രൈം 149/2014 ആയി കേസ് രജിസ്റ്റർ ചെയ്ത് ആലപ്പുഴ നോർത്ത് പോലീസ് ഇൻസ്പെക്ടർ അന്വേഷിച്ചുവരികയാണ്. 31–01–2014–ൽ ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിൽവച്ച് ആലപ്പുഴ നോർത്ത് പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ ഇൻക്വസ്റ്റ് തയ്യാറാക്കിയശേഷം അവിടെത്തന്നെ പോസ്റ്റ്മോർട്ടം നടത്തിച്ച് മൃതദേഹം ബന്ധുക്കൾക്ക് വിട്ടുകൊടുക്കുകയുണ്ടായി. സംഭവസ്ഥലത്ത് കിടന്ന ഉൾഭാഗം കത്തിയ കാർ സയന്റിഫിക് അസിസ്റ്റന്റിനെകൊണ്ട് തെളിവെടുപ്പ് നടത്തിയ ശേഷം പോലീസ് സ്റ്റേഷൻ വളപ്പിലേക്ക് മാറ്റി വീണ്ടും മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റ് അധികൃതരെകൊണ്ട് പരിശോധിപ്പിച്ചു. മൃതദേഹം പോസ്റ്റ്മോർട്ടം നടത്തിയ ഡോക്ടർ കണ്ടുപിടിച്ചത് തീപ്പൊള്ളലേറ്റതിന്റെ ആഘാതത്തിലാണ് മരിച്ചതെന്നാണ് പ്രാഥമികമായ നിഗമനം. ആന്തരികാവയവങ്ങൾ വിശദമായ പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്. ഈ കേസിന്റെ അന്വേഷണം ആലപ്പുഴ നോർത്ത് സർക്കിൾ ഇൻസ്പെക്ടർ ഊർജ്ജിതമായി നടത്തി വരികയാണ്. ശ്രീ. എ. എം. ആരിഫിന്റെ ആവശ്യം അംഗീകരിക്കുന്നു. തീർച്ചയായും ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെക്കൊണ്ട് ഇക്കാര്യം അന്വേഷിപ്പിക്കുന്നതാണ്.

## വിദ്യാർത്ഥിനി അക്രമിക്കപ്പെട്ട സംഭവം

ശ്രീ. വി. ശിവൻകുട്ടി: സർ, ഇത് വളരെ ഗൗരവമുള്ള ഒരു വിഷയമാണ്. തിരുവനന്തപുരം തമ്പാനൂർ റെയിൽവേ സ്റ്റേഷനിൽ വന്നിറങ്ങി കിഴക്കേകോട്ട ഭാഗത്തേക്ക് പോകാൻ ഓട്ടോറിക്ഷ പിടിച്ച കാഴ്ചശക്തി കുറഞ്ഞ പ്ലസ്ടു വിദ്യാർത്ഥിനിയെ പട്ടാപ്പകൽ ഓട്ടോറിക്ഷയിൽ കയറ്റി ആളൊഴിഞ്ഞ സ്ഥലത്തു കൊണ്ടുപോയി വളരെ ക്രൂരമായി ഉപദ്രവിച്ച സംഭവം തലസ്ഥാന നഗരിയിൽ നടന്നിരിക്കുകയാണ്. ഡൽഹിയിൽ ബസ്സിൽ കൂട്ടബലാത്സംഗം ചെയ്യപ്പെട്ട കുട്ടി മരണപ്പെട്ടു. ആ സംഭവം നടന്നത് രാത്രിയിലാണെങ്കിൽ ഇത് പട്ടാപ്പകലാണ്. ഈ വിഷയം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയ ഉടൻതന്നെ അങ്ങ് ഇക്കാര്യത്തിൽ ഇടപ്പെട്ടു. ഇതിലെ പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനു വേണ്ടി തയ്യാറായി. അച്ഛനും അമ്മയുമില്ലാത്ത കാഴ്ചശക്തി യില്ലാത്ത ഈ കുട്ടി അഭയയിലാണ് താമസിക്കുന്നത്. ഇന്നിപ്പോൾ മാനസിക നിലതെറ്റി എന്തൊക്കെയോ പറയുകയും ഉറക്കമില്ലാതെ വരികയും ചെയ്തപ്പോൾ മയക്കുമരുന്ന് കുത്തിവെച്ച് ആ കുട്ടിയെ കിടത്തിയിരിക്കുക യാണ്. അത്ര ക്രൂരമായ സംഭവം ഈ തലസ്ഥാന നഗരിയെ മാത്രമല്ല നമുക്കെല്ലാവർക്കും ഞെട്ടലുണ്ടാക്കിയ സംഭവമാണ്. എല്ലാ ഓട്ടോറിക്ഷക്കാ രെയും അത്തരക്കാരാണെന്ന് പറയാൻ സാധിക്കുകയില്ല, നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഓട്ടോറിക്ഷക്കാരുമുണ്ട്. ഓട്ടോറിക്ഷയിൽ കാശ് മറന്നു വച്ചിട്ടുപോയാൽ തിരിച്ച് പോലീസിൽ ഏൽപ്പിക്കുന്നവരുണ്ട്. മാന്യമായി തന്നെ യാത്രക്കാരോട് പെരുമാറുന്നവരുണ്ട്. എന്നാൽ അതിന്റെ കൂട്ടത്തിൽ ഇതുപോലുള്ള ദുഷ്ടന്മാരുമുണ്ട്. അച്ഛനും അമ്മയുമില്ലാത്ത അഭയയിൽ താമസിക്കുന്ന മാനസികനില തെറ്റിയ ഈ കുട്ടിക്ക് ആവശ്യമായ സാമ്പ

ത്തിക സഹായം കൊടുക്കുന്നത് സംബന്ധിച്ച് അങ്ങ് മുഖ്യമന്ത്രിയുമായി ആലോചിച്ച് തീരുമാനിക്കണം. എന്നുമാത്രമല്ല, ഓട്ടോറിക്ഷ പ്രീപെയ്ഡ് കൗണ്ടറുകൾ തമ്പാനൂരിൽ മാത്രമാണ് പ്രവർത്തിക്കുന്നത്. ഞാൻ മേയറായിരുന്ന കാലഘട്ടത്തിൽ ആരംഭിച്ചതാണ്. തിരുവനന്തപുരം നഗരത്തിൽ വേറെ ഒരു സ്ഥലത്തും പ്രീപെയ്ഡ് കൗണ്ടറുകൾ പ്രവർത്തിക്കുന്നില്ല. അതുകൊണ്ടുതന്നെ ആരെല്ലാം ഓട്ടോറിക്ഷയിൽ കയറുന്നു, പോകുന്നുവെന്നുള്ളതിനെ സംബന്ധിച്ച വിവരങ്ങളറിയാൻ യാതൊരു സംവിധാനവുമില്ല. സ്ത്രീ സൗഹൃദ ഓട്ടോറിക്ഷകളൊക്കെ വന്ന ഒരു കാലഘട്ടത്തിലാണ് ഈ ഞെട്ടിക്കുന്ന സംഭവമുണ്ടായിരിക്കുന്നത്. അങ്ങ് ഇടപ്പെട്ട് പ്രതിയെ അറസ്റ്റ് ചെയ്തുവെന്നുള്ളത് ശരിയാണ്, എങ്കിൽപ്പോലും നിയമസഭ നടക്കുന്ന അവസരത്തിൽ തലസ്ഥാനനഗരിയിൽ ഇങ്ങനെയൊരു മനുഷ്യത്വരഹിതമായ ഒരു സംഭവം, കണ്ണിന് കാഴ്ചയില്ലാത്ത അച്ഛനും അമ്മയുമില്ലാത്ത അനാഥാലയത്തിൽ പഠിക്കുന്ന ഒരു കുട്ടിക്കുണ്ടായാൽ നമ്മുടെ സഭ ചർച്ച ചെയ്യണം. ആഭ്യന്തര വകുപ്പുമന്ത്രി എന്നുള്ള നിലയിൽ ഇക്കാര്യത്തിൽ ഉചിതമായ ഒരു നടപടിയും ഇത്തരം സംഭവങ്ങൾ മേലിൽ ആവർത്തിക്കാതിരിക്കാൻ വേണ്ടി പോലീസ് ഉദ്യോഗസ്ഥന്മാരുടെ യോഗം വിളിച്ചുകൂട്ടി ഇക്കാര്യത്തിൽ എന്താണ് ഒരു ശാസ്ത്രീയമായ പരിഹാരമാർഗ്ഗം എന്നതിനെ സംബന്ധിച്ചും ഗൗരവമായി ആലോചിക്കണമെന്ന് തലസ്ഥാനത്തിലെ മൊത്തത്തിലുള്ള ജനങ്ങൾക്കുവേണ്ടി ഞാൻ അങ്ങയുടെ മുമ്പിൽ അവതരിപ്പിക്കുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. വി. ശിവൻകുട്ടി ഉന്നയിച്ച കാര്യം വേദനാജനകമാണ്. കേരളീയരെന്നുള്ള നിലയിൽ നമുക്കെല്ലാവർക്കും ലജ്ജ കൊണ്ട് തല കുനിക്കേണ്ടിവരുന്ന സാഹചര്യമാണ് ഇതിലൂടെ

ഉണ്ടായിട്ടുള്ളത്. വക്കം സ്വദേശിനിയും കാഴ്ചശക്തി ഭാഗികമായി നഷ്ടപ്പെട്ട പ്ലസ് ടു വിദ്യാർത്ഥിനിയുമായ 18 വയസ്സുള്ള പെൺകുട്ടി 31.01.2014-ന് പരീക്ഷാ വിവരം തിരക്കുന്നതിനായി കടയ്ക്കാവൂരിലുള്ള ജ്യേഷ്ഠ സഹോദരന്റെ വീട്ടിൽ നിന്ന് ട്രെയിൻ മാർഗ്ഗം തിരുവനന്തപുരത്തുള്ള കോട്ടൺഹിൽ ഗേൾസ് ഹൈസ്ക്കൂളിൽ എത്തി. അന്നേദിവസം സ്കൂൾ അവധിയായതിനാൽ കടയ്ക്കാവൂരിലേയ്ക്ക് തിരിച്ചുപോകുന്നതിനായി ബസിൽ കയറി രാവിലെ 11.30 മണിയോടെ തമ്പാനൂരിൽ ഇറങ്ങുകയും ചെയ്തു. അവിടെ നിന്ന് കിഴക്കേകോട്ടയിലേയ്ക്ക് പോകുന്നതിനായി ഓട്ടോറിക്ഷയിൽ കയറിയ കുട്ടിയെ ഓട്ടോറിക്ഷാ ഡ്രൈവർ തിരുവനന്തപുരം മെഡിക്കൽ കോളേജ് ഭാഗത്ത് ആളൊഴിഞ്ഞ സ്ഥലത്തുകൊണ്ടുപോയി ശാരീരികമായി പീഡിപ്പിക്കുകയും അതിനുശേഷം അയാൾ ഓട്ടോറിക്ഷയിൽ പെൺകുട്ടിയുമായി മെഡിക്കൽ കോളേജ് ജംഗ്ഷനിലെത്തിയപ്പോൾ ഓട്ടോറിക്ഷ ഡ്രൈവറെയും പെൺകുട്ടിയെയും തിരിച്ചറിഞ്ഞ ഷാർലെറ്റ് എന്ന സ്ത്രീ പോലീസിൽ വിവരം അറിയിക്കുകയും ചെയ്തു. ഈ സംഭവം അറിഞ്ഞയുടനെ ശ്രീ. വി. ശിവൻകുട്ടി എന്നെ ഫോണിൽ ബന്ധപ്പെട്ട് വിവരം പറയുകയും ചെയ്തു. തുടർന്ന് അടിയന്തരമായി നടപടികൾ എടുക്കുന്നതിനു വേണ്ടി പോലീസ് മേധാവികളോട് ആവശ്യപ്പെട്ടു. സിറ്റി വനിതാ ഹെൽപ്പ്ലൈൻ സബ് ഇൻസ്പെക്ടർ ശ്രീമതി റസിയാ ബീഗത്തോട് പെൺകുട്ടി പറഞ്ഞ മൊഴിയുടെ അടിസ്ഥാനത്തിൽ തമ്പാനൂർ പോലീസ് സ്റ്റേഷനിൽ IPC 366,376 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 193/14 നമ്പരായി കേസ് രജിസ്റ്റർ ചെയ്ത് തമ്പാനൂർ സർക്കിൾ ഇൻസ്പെക്ടർ അന്വേഷണം നടത്തുകയും ചെയ്തു. ഈ പെൺകുട്ടിയെ സ്ത്രീകൾക്കും

കുട്ടികൾക്കുമുള്ള തൈക്കാട് ഗവൺമെന്റ് ആശുപത്രിയിൽ വനിതാ പോലീസിന്റെ നേതൃത്വത്തിൽ മെഡിക്കൽ പരിശോധന നടത്തിയതിൽ ലൈംഗിക പീഡനം നടന്നിട്ടുള്ളതായി വ്യക്തമായിട്ടുണ്ട്. പെൺകുട്ടികളുടെ ബന്ധുക്കളാരും ഹാജരാകാത്തതിനാൽ വനിതാപോലീസിൽ ഏൽപ്പിച്ച് സൂക്ഷിച്ച് വരുകയാണ്. പെൺകുട്ടി പറഞ്ഞ വിവരങ്ങളുടെ അടിസ്ഥാന ത്തിൽ നടത്തിയ അന്വേഷണത്തിൽ ഈ കേസിലെ പ്രതി മണക്കാട് വില്ലേജിൽ കാലടി വാർഡിൽ കണിയാൻവിളകാത്തുവീട്ടിൽ ഹരിശങ്കർ (48 വയസ്സ്) ആണെന്ന് കണ്ടെത്തുകയും ചെയ്തു. ഹരിശങ്കറെ വനിതാ പോലീസ് സ്റ്റേഷനിൽ എത്തിച്ച് പ്രതിയുമായുള്ള സംസാരം പെൺകുട്ടിയെ കേൾപ്പിച്ചതിൽ പ്രതിയുടെ ശബ്ദം തിരിച്ചറിയുകയും ചെയ്തിട്ടുണ്ട്. തുടർന്ന് പ്രതി ഓടിച്ചിരുന്ന കെ.എൽ.1 ബി.എച്ച് 2906 ഓട്ടോറിക്ഷയോടൊപ്പം തമ്പാനൂർ പോലീസ് കസ്റ്റഡിയിലെടുത്ത് സ്റ്റേഷനിൽ എത്തിച്ച് 01.02.2014-ന് അറസ്റ്റ് രേഖപ്പെടുത്തുകയും അന്നേ ദിവസം 08.00 മണിയോടെ പ്രതിയെ ബഹുമാനപ്പെട്ട കോടതിയിൽ ഹാജരാക്കിയിട്ടുള്ളതും കോടതി ഹരിശങ്കറെ റിമാൻഡ് ചെയ്തിട്ടുള്ളതുമാണ്. ഇത് എല്ലാവരെയും ഞെട്ടിപ്പിച്ച സംഭവമാണ്. ഇപ്പോൾ ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ സ്ത്രീ സൗഹൃദ ഓട്ടോറിക്ഷകൾ നമ്മുടെ നഗരത്തിലുണ്ട്. തമ്പാനൂർ റെയിൽവേ സ്റ്റേഷനിൽ വരുന്ന ആളുകൾക്ക് ഓട്ടോറിക്ഷയിൽ പോകുവാനുള്ള പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അത് നഗരത്തിൽ എല്ലായിടത്തുമില്ല. നഗരത്തിൽ എവിടെയെങ്കിലുംവച്ച് ഓട്ടോറിക്ഷയ്ക്ക് കൈ കാണിച്ച് ആളുകൾ കയറിപോവുകയാണ് ചെയ്യുന്നത്. ഏതായാലും നഗരത്തിൽ കൂടുതൽ സുരക്ഷാ സംവിധാനങ്ങൾ

ഏർപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കു മെതിരെ ഉണ്ടാകുന്ന അതിക്രമങ്ങൾ തടയാനുള്ള സംവിധാനങ്ങളും ഗവൺമെന്റ് ശക്തിപ്പെടുത്തിയിട്ടുണ്ട്. നഗരത്തിന്റെ മറ്റ് സ്ഥലങ്ങളിൽനിന്ന് ഓട്ടോറിക്ഷയിൽ കയറുന്ന ആളുകൾക്ക് എങ്ങനെ സംരക്ഷണം ഉറപ്പുവരുത്താമെന്നത് സംബന്ധിച്ച് തീർച്ചയായും ചർച്ച ചെയ്യേണ്ട കാര്യം തന്നെയാണെന്ന് സമ്മതിക്കുന്നു. ഇക്കാര്യം ഗവൺമെന്റ് പരിശോധിക്കാം. ഏതായാലും ഈ കേസ്സിനെ സംബന്ധിച്ചിടത്തോളം വളരെ പെട്ടെന്ന് പ്രതിയെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തിട്ടുള്ള കാര്യം ഞാൻ സഭയെ അറിയിക്കുകയാണ്. ഈ കുട്ടിക്ക് വേണ്ട സാമ്പത്തിക സഹായം നമുക്ക് ചെയ്തുകൊടുക്കണം. അക്കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുന്നതാണെന്നുകൂടി സൂചിപ്പിക്കുക യാണ്.

<u>വിത്തുതേങ്ങയുടെ വിലനിയന്ത്രണം</u>

<u>ശ്രീ. ഇ. കെ. വിജയൻ:</u> സർ, നാളികേര കൃഷിക്കാരിൽ നിന്നും വിത്തു തേങ്ങ സംഭരിക്കുന്ന പതിവിന്റെ ഭാഗമായി ബഹുമാനപ്പെട്ട മന്ത്രികൂടി മുൻകൈ എടുത്തുകൊണ്ട് കുറ്റ്യാടി മേഖലയിലെ വിത്തുതേങ്ങയുടെ വില നിർണ്ണയിക്കാൻ കൃഷിക്കാരുടെയും തൊഴിലാളികളുടെയും ജനപ്രതിനിധി കളുടെയും കൃഷി ഉദ്യോഗസ്ഥന്മാരുടെയും നേതൃത്വത്തിൽ യോഗം ചേരുകയുണ്ടായി. കൃഷിച്ചെലവും തൊഴിലാളികളുടെ കൂലിയുമെല്ലാം ചേർത്ത് 34 രൂപ വരുമെങ്കിലും 30 രൂപയെങ്കിലും ലഭിക്കണമെന്ന സമവായത്തിൽ എത്തിച്ചേരുകയും ആ നിർദ്ദേശം ഗവൺമെന്റിൽ എത്തിക്കുകയും ചെയ്തു. ഏറ്റവും മേൽത്തരം ഓയിൽ കണ്ടന്റുള്ള

നാളികേരമാണ് കുറ്റ്യാടി മേഖലയിലുള്ളത്. പത്തുതേങ്ങയിൽ നിന്ന് മൂന്നോ നാലോ തേങ്ങയാണ് വിത്തുതേങ്ങയ്ക്കുവേണ്ടി എടുക്കുന്നത്. ഇതുവരെ അതിന്റെ വില നിർണ്ണയിച്ച് കൃഷിക്കാരിൽ നിന്ന് വിത്തുതേങ്ങ ശേഖരിക്കാൻ കഴിയാത്ത സാഹചര്യം വന്നിട്ടുണ്ട്. അതുകൊണ്ട് കൃഷിക്കാർ ആശങ്കയി ലാണ് അതിനുള്ള പരിഹാരം ഉണ്ടാക്കണം. അതോടൊപ്പം കഴിഞ്ഞ വേനൽമഴയോട് അനുബന്ധിച്ച് ആ മേഖലയിൽ വലിയ തോതിൽ കൃഷി നാശം സംഭവിച്ചിരുന്നു. പ്രത്യേകിച്ച് നാളികേര കൃഷിക്ക് രോഗം വന്നപ്പോൾ അതെല്ലാം വെട്ടിമാറ്റി അവിടെ ഗ്രാമ്പു കൃഷി നടത്തിയിരുന്നു. ഒരു ഗ്രാമ്പുവിൽ നിന്ന് പതിനയ്യായിരത്തിലേറെ രൂപ വരുമാനം ലഭിക്കുന്ന കൃഷി ക്കാരന് പത്തും നൂറും ഗ്രാമ്പുകൃഷികളാണ് നഷ്ടപ്പെട്ടത്. അവർക്കിതു വരെയും നഷ്ടപരിഹാരം ലഭിച്ചിട്ടില്ല. ഗവൺമെന്റ് തീരുമാനിച്ച നഷ്ടപരിഹാരം വളരെ തുച്ഛമാണ്. 250 രൂപയാണ് ഒരു ഗ്രാമ്പുതൈയുടെ വില എന്നാൽ 65 രൂപവച്ചാണ് നഷ്ടപരിഹാരം കൊടുക്കുന്നത്. അതിനാൽ ഗ്രാമ്പു കൃഷിക്കാരും വലിയ ആശങ്കയിലാണ്. അതിനുമൊരു പരിഹാരം ഉണ്ടാക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ചതു പോലെ 2013–2014 വർഷങ്ങളിലെ വിത്തുതേങ്ങയുടെ വില നിശ്ചയിക്കുന്നതി നുള്ള വിവരങ്ങൾ ശേഖരിക്കുന്നതിനും കൃഷിക്കാരുടെയും കർഷക സംഘടനാ പ്രതിനിധികളുടെയും ഉദ്യോഗസ്ഥന്മാരുടെയും മറ്റുള്ളവരുടെയും നേതൃത്വത്തിൽ ഒരു യോഗം കോഴിക്കോട് ജില്ലയിലെ കാവിലംപാറ

പഞ്ചായത്ത് ഹാളിൽ ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ പങ്കെടുത്ത കർഷക പ്രതിനിധികൾ ഡബ്ല്യു.സി.ടി. ഇനത്തിൽപ്പെട്ട വിത്തുതേങ്ങയുടെ സംഭരണ വില 30 രൂപയായി ഉയർത്തി നിശ്ചയിക്കണമെന്ന് ആവശ്യപ്പെടുക യുണ്ടായി. 08.11.2013-ന് കോഴിക്കോട് അങ്ങാടിയിലെ പടികൊപ്രയുടെ വില 7200 രൂപ അടിസ്ഥാനമാക്കി അതോടൊപ്പം 75 ശതമാനം പ്രീമിയംകൂടി ചേർത്ത് വില കണക്കാക്കുമ്പോൾ വിത്തുതേങ്ങയ്ക്ക് 28 രൂപ വരുന്നുണ്ട്. അതുപോലെ സങ്കരയിനം വിത്തുതേങ്ങ ഒന്നിന് മറ്റിനം വിത്തുതേങ്ങയേ ക്കാൾ 15 ശതമാനം ഇനീഷ്യൽ പ്രീമിയം കൂടി ചേർക്കുമ്പോൾ സംഭരണ വില 32 രൂപയായും വരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 2013-2014 വർഷത്തിൽ ഡബ്ല്യൂ.സി.ടി. എലൈറ്റ് കുറിയ ഇനം വിത്തുതേങ്ങയുടെ സംഭരണ വില 28 രൂപയായും സങ്കരയിനം വിത്തുതേങ്ങയ്ക്ക് 32 രൂപയായും കണക്കാക്കുന്നു. ഈ വർഷം 9,85,000 ഡബ്യൂ.സി.ടി. എലൈറ്റ് കുറിയ ഇനം വിത്തുതേങ്ങ സംഭരിക്കുന്നതിന് 28 രൂപ നിരക്കിൽ 2,75,80,000 രൂപയും 2,37,000 സങ്കരയിനം വിത്തുതേങ്ങ സംഭരിക്കുന്നതിന് 32 രൂപ നിരക്കിൽ 75,84,000 രൂപയും ചെലവുവരുന്നതാണ്. ഇപ്രകാരം 2013-2014 വർഷത്തിൽ വിത്തുതേങ്ങ സംഭരണത്തിനായി ആകെ 3,51,64,000 രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഈ വിഷയം വിശദമായി പഠിച്ച് അപാകതകൾ ഒഴി വാക്കി വിത്തുതേങ്ങയുടെ വിലനിർണ്ണയിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. വിത്തുതേങ്ങയുടെ വില 32 രൂപയായി ഉയർത്താ നാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. അതോടൊപ്പം അദ്ദേഹം നാദാപുരം മേഖലയിലെ കൃഷിനാശത്തെക്കുറിച്ച് സൂചിപ്പിച്ചു. അവിടെ ഗ്രാമ്പുവിന് കാല

വർഷക്കെടുതിയിൽ ഒരുപാട് നഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ട്. ആ നഷ്ടപരിഹാരം കണക്കാക്കിയിരിക്കുന്നത് ഒരുലക്ഷം രൂപയോട് അടുത്താണ്. കാരണം അതിന് കുറച്ചുരൂപ മാത്രമേ നഷ്ടപരിഹാരം കിട്ടുകയുള്ളൂ. ഇൻഷ്വറൻസ് തുക അവർക്ക് ലഭിക്കുകയും ചെയ്യുന്നുണ്ട്. ഈ തുക അവിടെ നിന്ന് വിതരണം ചെയ്തുതുടങ്ങിയിട്ടുണ്ട്. ബാക്കി എന്തെങ്കിലും അപാകതകളുണ്ടെങ്കിൽ അത് പരിഹരിച്ച് കർഷകർക്ക് മതിയായ ആശ്വാസം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

താമരശ്ശേരി കാരാടിയിലെ ബാർ മാറ്റിസ്ഥാപിക്കൽ

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: സർ, താമരശ്ശേരി കാരാടിയിൽ ആരംഭിച്ചിട്ടുള്ള ബാർ ഹോട്ടൽ ജനസാന്ദ്രതയുള്ള ഈ പ്രദേശത്തിൽ നിന്നും മാറ്റണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നാട്ടുകാർ സമരം തുടങ്ങിയിട്ട് ഏതാണ്ട് അഞ്ചുവർഷമായി. താമരശ്ശേരിയിൽ ഏറ്റവും കൂടുതൽ ജനങ്ങൾ തിങ്ങിതാമസിക്കുന്നതും അമ്പലവും പള്ളിയുമെല്ലാം അടുത്ത് സ്ഥിതിചെയ്യുന്നതും നാഷണൽ ഹൈവേ 212-നോട് ഓരം ചേർന്ന് കിടക്കുന്ന സ്ഥലവുമാണ് ഈ പ്രദേശം. ബാറിൽ വന്ന് മദ്യപിക്കുന്ന ആളുകളുടെ ശല്യംമൂലം അടുത്ത വീടുകളിൽ താമസിക്കുന്നവർക്ക് ഉണ്ടായിക്കൊണ്ടിരിക്കുന്ന ബുദ്ധിമുട്ടുകൾ ധാരാളമാണ്. ഇതുസംബന്ധിച്ച് ധാരാളം പരാതികൾ താമരശ്ശേരി സ്റ്റേഷനിലുണ്ട്. ഈ ഹോട്ടൽ ആരംഭിക്കുന്ന സമയത്ത് യാതൊരു കാരണവശാലും ബാർ തുടങ്ങില്ലായെന്ന കണ്ടീഷനിലാണ് ആരംഭിച്ചിട്ടുള്ളത്. ഹോട്ടൽ ആരംഭിക്കുന്ന സമയത്തുതന്നെ നാട്ടുകാർ പ്രശ്നം ഉണ്ടാക്കിയതിനാൽ അന്ന് താമരശ്ശേരി ഗ്രാമപഞ്ചായത്തിലെ പ്രതിനിധികളും സമരസമിതിയുടെ ഭാരവാഹികളും ഹോട്ടൽ മാനേജ്മെന്റും താമരശ്ശേരി ഡിവൈ.എസ്.പി.

യുടെ സാന്നിദ്ധ്യത്തിൽ നടന്ന ചർച്ചയിൽ രേഖാമൂലം ഒരു ധാരണയുണ്ടാക്കിയിട്ടുണ്ട്. ആ ധാരണ എന്റെ കയ്യിലുണ്ട്. ഈ എഗ്രിമെന്റിൽ പറയുന്നത്, യാതൊരു കാരണവശാലും അവിടെ ഹോട്ടൽ മാത്രമേ ഉണ്ടാവുകയുള്ളൂവെന്നും ബാർ തുടങ്ങില്ലായെന്നുമാണ്. എന്നാൽ ബാർ ആരംഭിച്ച കാലഘട്ടം മുതൽ നാട്ടുകാർ വീണ്ടും സമരം തുടങ്ങി. 22 പോലീസ് കേസുകൾ നിലവിലുണ്ട്. നിരപരാധികളായ ധാരാളം ആളുകളുടെ പേരിൽ കള്ളക്കേസ് എടുത്തിട്ടുണ്ട്. സ്ത്രീകളും കുട്ടികളും ഉൾപ്പെടെ ധാരാളം ആളുകൾ കേസ്സിൽ പ്രതികളാണ്. ഇപ്പോഴും അവിടെ സമരം നടന്നുകൊണ്ടിരിക്കുകയാണ്. ഈ പ്രദേശത്തെ ആബാലവൃദ്ധം ജനങ്ങളും സമരത്തിന് ഐക്യദാർഢ്യം പ്രകടിപ്പിക്കുകയാണ്. മതപണ്ഡിതന്മാരും മതമേലദ്ധ്യക്ഷന്മാരും ഉൾപ്പെടെ വിവിധ സംഘടനകൾ സമരത്തിന് ഐക്യദാർഢ്യം പ്രകടിപ്പിച്ചിട്ടുണ്ട്. മദ്യവർജ്ജന സമിതിയുടെ ആഭിമുഖ്യത്തിൽ രാപ്പകൽ സമരം നടന്നുകൊണ്ടിരിക്കുകയാണ്. അതിരൂക്ഷമായ ക്രമസമാധാനം സംജാതമായിക്കൊണ്ടിരിക്കുകയാണ്. പൊതുവേ സമാധാന പരമായ ഇവിടത്തെ അന്തരീക്ഷം നിലനിർത്തണമെന്നാണ് ആഗ്രഹിക്കുന്നത്. ഇവിടെ ധാരാളം പ്രശ്നങ്ങളുണ്ടാകാനുള്ള സാധ്യത ഇനിയുമുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. സ്കൂൾ വിദ്യാർത്ഥികൾ ക്ലാസ്സുകൾ ബഹിഷ്ക്കരിച്ചും നാട്ടുകാർ വഴിതടഞ്ഞും മറ്റ് പലരീതിയിലും സമരത്തിന് ഐക്യദാർഢ്യം പ്രകടിപ്പിച്ചുകൊണ്ടുള്ള അതിരൂക്ഷമായ സമരം വരാൻപോകുന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഈ ബാർ ജനസാന്ദ്രത കുറഞ്ഞ മറ്റൊരു സ്ഥലത്തേയ്ക്ക് മാറ്റി സ്ഥാപിച്ചുകൊണ്ട് ഈ പ്രശ്നം പരിഹരിക്കുന്നതിനും സമാധാനാന്തരീക്ഷം നിലനിൽക്കുന്ന ഈ പ്രദേശത്ത് അത് നിലനിർത്തുന്നതിനുവേണ്ടിയു

ളള നടപടി അങ്ങ് സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, കൊടുവള്ളി നിയോജക മണ്ഡലത്തിൽപ്പെട്ട താമരശ്ശേരി കാരാടിയിൽ പ്രവർത്തിക്കുന്ന വയനാട് റീജിയൻസി എന്ന ഹോട്ടലിന് 2009 –ലാണ് ലൈസൻസ് കൊടുത്തത്. അന്ന് ലൈസൻസ് കൊടുക്കുമ്പോൾ അന്നത്തെ ചട്ടങ്ങളും നിയമങ്ങളുമെല്ലാം പാലിച്ചുകൊണ്ടാണ് ലൈസൻസ് കൊടുത്തിട്ടുള്ളതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ അവിടെ നിയമവിരുദ്ധമായി ബാർ ഹോട്ടൽ നടത്തുന്നുണ്ടെങ്കിൽ തീർച്ചയായും അതിനെതിരെ നിലവിലുള്ള ചട്ടങ്ങളിൽ നിന്നുകൊണ്ട് നടപടി സ്വീകരിക്കുന്നതാണ്. എന്നാൽ അവിടെയുള്ള ലാ ആന്റ് ഓർഡർ പ്രശ്നങ്ങളൊന്നും എക്സൈസ് വകുപ്പ് കൈകാര്യം ചെയ്യേണ്ടതല്ല. അത് പോലീസ് കൈകാര്യം ചെയ്യേണ്ട വിഷയങ്ങളാണ്. അവിടെയുള്ള ജനങ്ങൾക്ക് ഇക്കാര്യത്തിൽ അഭിപ്രായ വ്യത്യാസമുണ്ടെന്നും അവിടെ സമരം നടക്കുന്നുണ്ടെന്നുള്ളതും ശരിയാണ്. ബഹുമാനപ്പെട്ട മെമ്പറുടെ വികാരങ്ങൾ ഞാൻ പൂർണ്ണമായും ഉൾക്കൊള്ളുന്നു. നിയമവിരുദ്ധമായി നടത്തുമ്പോൾ മാത്രമെ എക്സൈസ് വകുപ്പിന് ഇടപെടാൻ നിർവ്വാഹമുള്ളൂ. 2009–ലാണ് ഈ ബാർ ഹോട്ടൽ അനുവദിച്ചത്. നിയമവിരുദ്ധമായാണ് ബാർ നടത്തുന്നതെങ്കിൽ തീർച്ചയായും അതിൽ ഇടപെട്ട് പരിഹാരമുണ്ടാക്കാൻ ശ്രമിക്കും. നിയമവിധേയമായി ഇത് നടക്കുന്നുണ്ടെങ്കിൽ ഡിപ്പാർട്ടുമെന്റ് ഇടപെടുന്നതിന് ചില പരിമിതികളുണ്ട്.

ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ പ്രദേശവാസികളുടെ സമരത്തിനെതിരെ ലൈസൻസി ബഹു. ഹൈക്കോടതിയെ സമീപിച്ച് പോലീസ് പ്രൊട്ടക്ഷനുള്ള ഉത്തരവ് സമ്പാദിച്ചിട്ടുണ്ട്. അങ്ങനെ ഹൈക്കോടതിയുടെ പ്രൊട്ടക്ഷനോടുകൂടിയാണ് അവിടെ ഇപ്പോൾ ബാർ നടത്തുന്നത്. അതുകൊണ്ട് ഈ ബാർ ഹോട്ടൽ മാറ്റി സ്ഥാപിക്കണമെന്നുള്ളത് ഡിപ്പാർട്ടുമെന്റിന് ചെയ്യാൻ കഴിയുന്ന കാര്യമല്ല. ഡിപ്പാർട്ടുമെന്റിന് നേരിട്ടുള്ള സ്ഥാപനമല്ല. നിലവിലുള്ള ലൈസൻസിലെ വ്യവസ്ഥകൾക്കനുസരിച്ച് ബാർ ഹോട്ടൽ പ്രവർത്തിക്കുന്നില്ലെങ്കിൽ ഡിപ്പാർട്ടുമെന്റിന് ഇടപെടാൻ സാധിക്കും. അത് തീർച്ചയായും പരിശോധിക്കാം. അവിടെയുള്ള ലാ ആന്റ് ഓർഡർ സിറ്റുവേഷന്റെ പേരിൽ എന്ത് തീരുമാനമെടുക്കാൻ സാധിക്കുമെന്നതിനെക്കുറിച്ച് ഇപ്പോൾ ഒരു വ്യക്തതയുമില്ല. അദ്ദേഹം ചൂണ്ടിക്കാണിച്ച എല്ലാ വശങ്ങളും ഗൗരവമായി പരിശോധിക്കും.

## പാലങ്ങളുടെ പുനർനിർമ്മാണം

ശ്രീ. എം. ഹംസ: സർ, പാലക്കാട് കൊടപ്പുള്ളി റോഡ് കെ.എസ്.ടി.പി. I-ൽ നിർമ്മിച്ചതാണ്. വളരെ നല്ല രീതിയിലുള്ള പ്രവർത്തനം പൂർത്തിയാക്കിയിട്ടുണ്ട്. ഒന്നാംഘട്ട പ്രവർത്തനത്തിൽ പാലത്തിന്റെ പണിയൊന്നും ഏറ്റെടുത്തില്ല. അതിന്റെ ഭാഗമായി ഒറ്റപ്പാലം, കണ്ണിയംപുറം എന്നീ രണ്ട് ദുർബ്ബലമായ പാലങ്ങൾ അവിടെ നിലനിർത്തി. ഒറ്റപ്പാലം പാലത്തിന് 7 മീറ്റർ ഗാരേജും കണ്ണിയംപുറം പാലത്തിന് 7.5 മീറ്റർ ഗാരേജുമാണുള്ളത്. 15 മീറ്റർ വീതിയിലുള്ള റോഡ് 7 ഉം 7.5 ഉം മീറ്റർ ഗാരേജുള്ള പാലത്തിലേയ്ക്ക് വരുന്നതിന്റെ ഭാഗമായി ഗതാഗത കുരുക്ക്

മാത്രമല്ല നിരവധി അപകടങ്ങളും സംഭവിക്കുന്നുണ്ട്. അപകടത്തെത്തുടർന്ന് കുറേപേർ മരിക്കാനിടയായിട്ടുണ്ട്. ഏറ്റവും നല്ല സ്റ്റാന്റേർഡുള്ള ഐ.ആർ.സി. നോംസ് അനുസരിച്ച് നിർമ്മിച്ച ആ റൂട്ടിൽ ഈ രണ്ട് പാലങ്ങൾകൂടി പുതുക്കിപ്പണിയുന്നതിന് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി ഇടപെടണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): സർ, കെ.എസ്.ടി.പി. ഒന്നാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി 28.02.2011-ന് പൂർത്തീകരിച്ച പാലക്കാട്-ഷൊർണ്ണൂർ റോഡിലാണ് ഒറ്റപ്പാലം മണ്ഡലത്തിലെ കണ്ണിയംപുറം പാലവും ഈസ്റ്റ് ഒറ്റപ്പാലം പാലവും സ്ഥിതിചെയ്യുന്നത്. കെ.എസ്.ടി.പി. പൂർത്തിയാക്കിയ റോഡിന് 12 മീറ്റർ വീതിയുണ്ട്. എന്നാൽ ഈസ്റ്റ് ഒറ്റപ്പാലം പാലത്തിന് 7 മീറ്റർ വീതിയും കണ്ണിയംപുറം പാലത്തിന് 7.5 മീറ്റർ വീതിയും മാത്രമേയുള്ളൂ. പാലത്തിന്റെ വീതികുറവുമൂലം ഇവിടെ നിരന്തരം ഗതാഗത തടസ്സമുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുതിയ പാലം നിർമ്മിക്കുന്നതിന് കെ.എസ്.ടി.പി. നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായി സോയിൽ ഇൻവെസ്റ്റിഗേഷൻ സ്ട്രക്ചർ, ഡിസൈൻ, ഡ്രായിംഗ് എന്നിവ പൂർത്തിയാക്കി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഭരണാനുമതിയും ഫണ്ടും നൽകുന്ന കാര്യം പരിഗണിച്ചുവരുന്നു.

## ഭൂമി നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം

ഡോ. കെ.ടി. ജലീൽ: സർ, സംസ്ഥാന ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് കേരളത്തിൽ പല സ്ഥലങ്ങളിലും ഭൂമി ഏറ്റെടുപ്പ്

പ്രതിസന്ധിയിലായിരിക്കുകയാണ്. അതുമായി ബന്ധപ്പെട്ട് വലിയ ബഹുജന പ്രക്ഷോഭങ്ങൾ ഉയർന്നുവന്നുകൊണ്ടിരിക്കുന്നു. മലപ്പുറം ജില്ലയിലും ഇത്യാദി ജനകീയ ഇടപെടലുകൾ സജീവമായിട്ടുണ്ട്. ഭൂമി ഏറ്റെടുക്കണ്ടായെന്ന് ആർക്കും അഭിപ്രായമില്ല. ഭൂമി ഏറ്റെടുക്കണമെന്നുതന്നെയാണ് അഭിപ്രായം. പക്ഷേ അവരോടുള്ള സമീപനത്തിൽ, സർക്കാരുകൾക്ക് വേണ്ടവിധത്തിൽ അവരുടെ വിശ്വാസ്യത പ്രകടിപ്പിക്കാൻ കഴിയുന്നില്ല. വികസനപ്രവർത്തനങ്ങൾക്ക് കേന്ദ്രഗവൺമെന്റ് ഭൂമി ഏറ്റെടുക്കുമ്പോൾ പുലർത്തുന്ന ഒരു കീഴ്വഴക്കമുണ്ട്. അത് അറിയപ്പെടുന്നത് CoRA (Compensation Rehabilitation and Acquisition) എന്ന പേരിലാണ്. ആദ്യം നഷ്ടപരിഹാരം കൊടുക്കുക, രണ്ടാമത് കുടിയൊഴിപ്പിക്കപ്പെടുന്നവരെ പുനഃരധിവസിപ്പിക്കുക, മൂന്നാമത്തെ പ്രക്രിയയാണ് അക്വിസിഷൻ. കേരളത്തിൽ സംസ്ഥാന സർക്കാരിന്റെ വികസനപ്രവർത്തനങ്ങൾക്ക് ഭൂമി ഏറ്റെടുക്കുമ്പോൾ ഏറ്റവും താഴെ നിന്ന് ആദ്യം തുടങ്ങുന്നതുകൊണ്ട് അക്വിസിഷനാണ് ആദ്യം വരുന്നത്. അതിന് എത്ര വില കൊടുക്കും, എത്ര വില കിട്ടും, ഇതൊന്നും തിട്ടപ്പെടുത്തി നമുക്ക് ബന്ധപ്പെട്ടവരോട് പറഞ്ഞ് ബോദ്ധ്യപ്പെടുത്താൻ കഴിയുന്നില്ല. പല ആളുകൾക്കും മുൻകാലങ്ങളിലുണ്ടായിട്ടുള്ള അനുഭവം വളരെ വേദനാജനകമായിട്ടുള്ളതാണ്. അതുകൊണ്ടാണ് വികസന പ്രവർത്തനങ്ങൾക്ക് സർക്കാർ ഭൂമി ചോദിക്കുമ്പോൾ പലപ്പോഴും ആളുകൾ നൽകാതെ വിസമ്മതം പ്രകടിപ്പിച്ച് നിൽക്കുന്നത്. മാറി മാറിവരുന്ന കളക്ടർമാർ അവരുടെ ഇംഗിതത്തിനും മനോഗതത്തിനും അനുസരിച്ചാണ് പലസ്ഥലങ്ങളിലും കാര്യങ്ങൾ നടത്തുന്നത്. എന്റെ നിയോജക

മണ്ഡലത്തിലടക്കം ദേശീയ പാതയുടെ വികസനവുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കുന്ന കാര്യത്തിൽ സർക്കാരിന് ക്ലിപ്തമായിട്ടുള്ള ഒരു മാനദണ്ഡം മുന്നോട്ടുവയ്ക്കാൻ ഇന്നുവരെ കഴിഞ്ഞിട്ടില്ല. ഇക്കാര്യത്തിൽ സർക്കാരിന്റെ നയം വ്യക്തമാക്കുകയും ഏറ്റെടുക്കാൻ പോകുന്ന ഭൂമിക്ക് എത്ര തുകയാണ് സർക്കാരിന് കൊടുക്കാൻ കഴിയുക എന്ന് അവരോട് പറയുകയും മുൻകൂട്ടി ആ തുക അവർക്ക് നൽകാനുള്ള ഒരു സാഹചര്യം ഒരുക്കുകയും ചെയ്യുന്നതിന് ഗവൺമെന്റ് മുൻകൈ എടുക്കണമെന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കാനുള്ളത്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): സർ, ഡോ. കെ.ടി. ജലീൽ ഇവിടെ ഉന്നയിച്ച സബ്മിഷൻ വളരെ പ്രധാനപ്പെട്ട ഒന്നാണ്. അദ്ദേഹം പറഞ്ഞ ഒരു പ്രധാന കാര്യം, കേന്ദ്ര ഗവൺമെന്റ് 1956–ലെ നാഷണൽ ഹൈവേ ആക്ട് പ്രകാരമാണ് ഇപ്പോൾ ഭൂമി ഏറ്റെടുക്കുന്നത് എന്നാണ്. അത് ശരിയല്ല. ശ്രീ. ഉമ്മൻ ചാണ്ടി ഗവൺമെന്റ് കൊണ്ടുവന്ന R & R പാക്കേജ് അനുസരിച്ച് സ്ഥലം ഏറ്റെടുക്കണമെന്ന് സംസ്ഥാന ഗവൺമെന്റ് കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പക്ഷേ അത് ഇതുവരെ സ്വീകരിച്ചിട്ടില്ല. നമുക്ക് ഗുണപരമായ ഒരു മാറ്റം ഇപ്പോൾ ഉണ്ടായിട്ടുള്ളത് 2014 ജനുവരി ഒന്നിന് പ്രാബല്യത്തിൽ വന്ന കേന്ദ്രസർക്കാരിന്റെ പുതിയ ഭൂമി ഏറ്റെടുക്കൽ നിയമമുണ്ട്. അതിലും ഒരു പ്രധാന പ്രശ്നമുള്ളത്, ഒരു വർഷത്തിനുള്ളിൽ കേന്ദ്രഗവൺമെന്റ് നാഷണൽ ഹൈവേയ്ക്ക് സ്ഥലം എടുക്കുന്നതിന് പ്രത്യേകമായി നോട്ടിഫിക്കേഷൻ കൊണ്ടുവന്നാൽ മാത്രമേ നാഷണൽ ഹൈവേയ്ക്കും റോഡുകൾക്കും ഒക്കെ ഭൂമി ഏറ്റെടുക്കുന്നതിന് ഇത് പ്രാബല്യത്തിൽ വരികയുള്ളൂ എന്നാണ് അതിൽ

വ്യവസ്ഥയുള്ളത്. വളരെ മെച്ചപ്പെട്ട ഭൂമി ഏറ്റെടുക്കൽ വ്യവസ്ഥയും വളരെ നല്ല റീഹാബിലിറ്റേഷൻ പദ്ധതിയുമൊക്കെ അതിൽ ഉൾക്കൊണ്ടിട്ടുണ്ട്. മറ്റൊരു കാര്യം, കളക്ടർമാർക്ക് ഇതിനകത്ത് വളരെ സേയുണ്ട്. അങ്ങ് പറഞ്ഞത് വളരെ ശരിയാണ്. എറണാകുളത്ത് മെട്രോ റെയിലിന് സ്ഥലമെടുത്തിട്ടുണ്ട്. അതിൽ ആർക്കും പരാതിയില്ല. കാരണം അവർ ആഗ്രഹിച്ചതിൽക്കൂടുതൽ സൗകര്യങ്ങളും കോമ്പൺസേഷനും ലഭിക്കുന്നു. അതൊക്കെ ജില്ലാ കളക്ടർമാർക്ക് മാനേജ് ചെയ്യാവുന്നതേയുള്ളൂ. പല കളക്ടർമാരും അക്കാര്യത്തിൽ അത്ര മിടുക്കൻമാരല്ല എന്നുള്ളത് ഒരു സത്യമാണ്. ഏതായാലും ഇക്കാര്യത്തിൽ കേരള ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഒരു നയമുണ്ട്. മലപ്പുറത്ത് ഇപ്പോഴുള്ള ഇഷ്യൂ, അവിടെ സ്ഥലം കൊടുക്കുന്നതിന് ഇരകളാകുന്ന ആളുകളുടെ മുഴുവൻ വിശ്വാസം ആർജ്ജിച്ചുകൊണ്ടുമാത്രമേ മുന്നോട്ട് പോകാൻ തീരുമാനിച്ചിട്ടുള്ളൂ.

## കുടിവെള്ള ക്ഷാമം

ശ്രീ. ഷാഫി പറമ്പിൽ: സർ, ഇന്ന് രാവിലെ ചോദ്യോത്തര വേളയിൽ പാലക്കാട് ആലത്തൂരിലെ അംഗം ശ്രീ. എം. ചന്ദ്രൻ സൂചിപ്പിച്ചതുപോലെ പാലക്കാട് വലിയ വരൾച്ചപിടികൂടപ്പെടാൻ പോകുകയാണെന്നാണ് പഠനങ്ങൾ പറയുന്നത്. 2001 മുതൽ ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന ഒരു കുടിവെള്ള പദ്ധതിയാണ് പാലക്കാട് ജില്ലയിലെ മാത്തൂർ, പിരായിരി ഗ്രാമപഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കേണ്ടതിന്റെ ആവശ്യകതയെചൊല്ലി അന്നുമുതലുണ്ടാക്കിയ ഒരു പ്രൊപ്പോസലാണ്.

രൂക്ഷമായ കുടിവെള്ളത്തിന് ക്ഷാമം നേരിടാൻ പോകുന്ന ഒരു കാലാവസ്ഥയിൽ അടിയന്തരമായി ആ പദ്ധതി നടപ്പിലാക്കാനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കണമെന്നുമാത്രം ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, പിരായിരി, മാത്തൂർ പഞ്ചായത്തുകൾക്കായി ഒരു സമഗ്ര കുടിവെള്ള പദ്ധതി രൂപകൽപ്പന ചെയ്യാനായി വാട്ടർ അതോറിറ്റി സർവ്വേ നടത്തിയിട്ടുണ്ട്. ജലശുദ്ധീകരണ ശാലയ്ക്കായി കുറഞ്ഞത് അൻപത് സെന്റ് സ്ഥലവും വാട്ടർ ടാങ്കുകൾക്കായി കുറഞ്ഞത് പത്ത് സെന്റ് സ്ഥലവും ആവശ്യമായിട്ടുണ്ട്. ഈ സ്ഥലം നിർണ്ണയിച്ച് തരണമെന്ന് വാട്ടർ അതോറിറ്റി രണ്ട് പഞ്ചായത്തുക ളോടും രേഖാമൂലം ആവശ്യപ്പെട്ടെങ്കിലും നാളിതുവരെ സ്ഥലം നിർണ്ണയിച്ച് ലഭിച്ചിട്ടില്ല. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതിയുടെ വിശദമായ റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന്റെയോ മറ്റ് ഏജൻസികളുടെയോ ധനസഹായം ലഭ്യക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കണ്ണാടി പ്പുഴയുടെ തീരത്തുള്ള മുഴിപുറം ചെക്ക്ഡാമിന്റെ ഉയരം വർദ്ധിപ്പിക്കുന്ന കാര്യം പ്രത്യേകം പരിശോധിക്കുന്നതാണ്.

## നിയമം മൂലം വിവാഹധൂർത്തിന് നിരോധനം

ശ്രീ. സി. പി. മുഹമ്മദ്: സർ, സാമൂഹ്യപരിഷ്കരണ പ്രസ്ഥാനങ്ങ ളുടെയും നവോത്ഥാന സംരംഭങ്ങളുടെയും ഫലമായി ഒരുപാട് അനാചാര ങ്ങളും അന്ധവിശ്വാസങ്ങളും ശീലങ്ങളും ഇല്ലാതായ നാടാണ് കേരളം. താലിക്കെട്ട്, നൂൽക്കെട്ട്, ചാവടിയന്തിരം, പുലകുളിയടിയന്തിരം, കാളപൂട്ട്, പോത്ത് പൂട്ട് എന്നിവയ്ക്കായി ലക്ഷങ്ങൾ ധൂർത്തടിച്ചും തറവാടുകളുടെ

തീറാധാരം പണയം വച്ചും മുടിഞ്ഞുപോയ തറവാടുകളുടെ ഒരുപാട് അസ്തിമാടങ്ങൾ കേരളത്തിലുണ്ട്. പെൺകുട്ടികളുടെ മാറുമറയ്ക്കാനുള്ള അവകാശത്തിനും പട്ടിയും പൂച്ചയും നടക്കുന്ന വഴിയിൽ മനുഷ്യന് നടക്കുവാനുമുള്ള അവകാശമടക്കം മറക്കുടയ്ക്കുള്ളിലെ മഹാനരകത്തിൽ നിന്നും സ്വാതന്ത്ര്യത്തിന്റെ ഉച്ഛ്വാസവായു ശ്വസിക്കുന്ന അന്തരീക്ഷത്തിലേയ്ക്ക് അന്തർജനങ്ങളെ കൈപിടിച്ച് ഉയർത്തിക്കൊണ്ടുവന്ന വി.ടി. ഭട്ടതിരിപ്പാടിന്റെ സാമൂഹ്യ പരിഷ്കരണം–മുസ്ലീം പെൺകുട്ടി ആര്യനെഴുത്ത് പഠിക്കുന്നത് ഹറാമാണെന്ന് കരുതിയിരുന്നൊരു കാലം ഇന്ന് മറഞ്ഞുപോയി. മദ്യഷാപ്പുകളും ജ്വല്ലറികളും ബ്യൂട്ടിപാർലറുകളും ഫാസ്റ്റ് ഫുഡ് കടകളും അരങ്ങുതകർക്കുന്ന കാലമാണിത്. മണിക്കൂറിനല്ല, സെക്കന്റുകൾക്ക് കോടികൾ വാങ്ങുന്ന സിനിമാ രംഗത്തെ നക്ഷത്രങ്ങൾ സ്വർണ്ണവളകൾ കൊണ്ട് വസ്ത്രമുണ്ടാക്കി ആരും വാരിയണിയാൻ മോഹിക്കും, ജനകോടികളുടെ വിശ്വസ്ത സ്ഥാപനം ഒരു ജ്വലറിയാണെന്നൊക്കെ പറഞ്ഞ് കേരളത്തിൽ പരസ്യങ്ങളുടെ പ്രളയം സൃഷ്ടിക്കുകയാണ്. ഇന്ത്യയിലെ ബിഗ് ബികളും വിശ്വസുന്ദരികളും സൂപ്പർ സ്റ്റാറുകളും തമ്പടിക്കുന്ന കേരളത്തിന്റെ സ്ഥിതിവിശേഷം കാണാതിരുന്നുകൂടാ. രാഷ്ട്രീയ നേതാക്കന്മാരുടെ മക്കൾ ഉൾപ്പെടെ സർവ്വാഭരണ വിഭൂഷിരായി നിൽക്കുന്ന യുവമിഥുനങ്ങളും കർക്കിടകങ്ങളും കല്യാണ വേദിയിലെ സ്ഥിരം കാഴ്ചയാണ്. സ്ത്രീധനം, സദ്യ, തലേദിവസത്തെ സദ്യ, അതുപോലെ കല്യാണങ്ങൾക്ക് സ്ത്രീധനമായി കൊടുക്കുന്ന ബെൻസ്, ബി.എം.ഡബ്ല്യൂ, ഒ.ഡി. അടക്കമുള്ള കോടികൾ വിലവരുന്ന കാറുകൾ എന്നിവയുടെ മേളം, സ്ത്രീധനത്തിനും വെടിക്കെട്ടിനും ഗാനമേളയ്ക്കുമൊക്കെയായി കോടികൾ ചെലവഴിക്കുന്നു. ഒരു ക്ഷണക്കത്തിന് 500 രൂപയെങ്കിലും ചെലവു

വരുന്ന ആഡംബര ക്ഷണക്കത്തുകൾ ഇപ്പോഴത്തെ കല്യാണങ്ങളിൽ സർവ്വ സാധാരണമായിരിക്കുകയാണ്. വടക്കേ മലബാറിൽ വരന്റെ സ്നേഹിതന്മാരായി കല്യാപ്പന്തലിൽ എത്തുന്നവർ ഇപ്പോൾ കാട്ടിക്കൂട്ടുന്ന കോപ്രായങ്ങൾ വലിയൊരു നിയമസമാധാന പ്രശ്നമായി മാറിയിരിക്കുകയാണ്. കൂരിരുൾ കട്ടപിടിച്ച കരിപുരണ്ട ഇടനാഴിയ്ക്കകത്ത് കണ്ണുനീരും നെടുവീർപ്പുമായി കഴിയുന്ന അബലകളും അശരണരുമായ പെൺകുട്ടികളെകുറിച്ച് ആരും ചിന്തിക്കുന്നില്ല. ഈ ധൂർത്തും തെമ്മാടിത്തവും അവസാനിപ്പിക്കേണ്ടത് പരിഷ്കൃത സമൂഹത്തിലെ ഒരു ഗവൺമെന്റിന്റെ ബാദ്ധ്യതയാണ്. നിയമം മൂലം ഇത് നിരോധിക്കണം ഒരു നിശ്ചിത പരിധിയിൽ കവിഞ്ഞ ചെലവുകൾ അവസാനിപ്പിക്കണം. സാക്ഷര കേരളം സുന്ദര കേരളമായി മാറണമെങ്കിൽ കല്യാണങ്ങളുടെ പേരിൽ നടത്തുന്ന കോടിക്കണക്കിന് രൂപയുടെ ധൂർത്ത് നിയന്ത്രിക്കാൻ ഗവൺമെന്റ് തയ്യാറാകണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞിട്ടുള്ള കാര്യങ്ങൾ വളരെ ഗൗരവമായി ആലോചിക്കേണ്ടതാണ്. ആർഭാട വിവാഹങ്ങളും വിവാഹങ്ങളോടനുബന്ധിച്ച ധൂർത്തും നിയന്ത്രിക്കേണ്ടത് അനിവാര്യമാണ്. ഇന്ന് വിവാഹത്തിന്റെ പേരിൽ ലക്ഷക്കണക്കിന് രൂപയാണ് പാഴാക്കിക്കളയുന്നത്. പലരുടെയും പൊങ്ങച്ചം കാണിക്കുന്നതിനുവേണ്ടി വിവാഹങ്ങളെ മാറ്റുകയും വിവാഹ ചടങ്ങുകൾ ആഴ്ചകളോളം നീണ്ടുനിൽക്കുന്ന ഒരു വലിയ ഉത്സവമായി മാറുകയും ചെയ്യുന്നു. ഇങ്ങനെ ചെലവാക്കുന്ന പണത്തിന്റെ ഒരംശമുണ്ടെങ്കിൽ എത്രയോ പാവപ്പെട്ട യുവതികൾക്ക് മംഗല്യഭാഗ്യമുണ്ടാക്കിക്കൊടുക്കാൻ സാധിക്കും. ഒരു വിവാഹത്തോടനുബന്ധിച്ച് ചെലവഴിക്കാ

നാഗ്രഹിക്കുന്നതിന്റെ ഒരംശം അയൽപക്കത്തുള്ള വിവാഹപ്രായമെത്തി നിൽക്കുന്ന ഒരു യുവതിക്കു കൊടുക്കുകയാണെങ്കിൽ അതിനേക്കാൾ വലി യൊരു സാമൂഹ്യനന്മ വേറെയില്ല. പൊന്നിൽ കുളിച്ചുനിൽക്കുന്ന ധാരാളം മണവാട്ടികളുടെ ചിത്രങ്ങൾ നമ്മൾ ഓരോ ദിവസവും കാണുന്നുണ്ട്. ബഹു മാനപ്പെട്ട അംഗം ഇവിടെ പറഞ്ഞതുപോലെ ഇപ്പോൾ ക്ഷണകത്ത് പുസ്തക രൂപത്തിലാണ് ഇറങ്ങുന്നത്. വർണ്ണങ്ങൾ വാരി വിതറി കത്തിൽ പൊങ്ങച്ചം കാണിച്ചുകൊണ്ട് ലക്ഷക്കണക്കിന് രൂപ ഇതിനായി ചെലവഴിക്കുന്നുണ്ട്. പാക്കിസ്ഥാനിൽ Prohibition of Ostentatious Displays and Wasteful Expenses Ordinance എന്ന പേരിൽ ഒരു നിയമമുണ്ട്. അതുപ്രകാരം ഹോട്ട ലിലോ മറ്റെവിടെ വച്ചാണെങ്കിലും നടക്കുന്ന വിവാഹങ്ങളിൽ വിവാഹ ദിവസം വെറും സോഫ്റ്റ് ഡ്രിങ്കോ സൂപ്പോ മാത്രമേ കൊടുക്കാൻ പാടുള്ളൂ വെന്നാണ് നിയമം അനുശാസിക്കുന്നത്.. അതുപോലെതന്നെ അവിടത്തെ നിക്കാഹ്/വലീമ എന്ന പരിപാടിയിൽ 300 ആളുകളെ മാത്രം പങ്കെടുപ്പിക്കുക യാണെങ്കിൽ ഒരു വിഭവം മാത്രം കൊടുക്കാൻ അനുവദിക്കുന്നുണ്ട്. ഇങ്ങനെ യുള്ള സ്ഥലങ്ങളിൽ വൈദ്യുതി ഉപയോഗിക്കുന്നതും പടക്കം പൊട്ടിക്കു ന്നതും ആർഭാടപൂർവ്വമായിട്ടുള്ള പരിപാടികൾ നടത്തുന്നതും നിരോധിച്ചു കൊണ്ടുള്ള ഒരു നിയമമാണത്. യഥാർത്ഥത്തിൽ ഇന്ത്യയിൽ ഇത്തരത്തി ലുള്ള ഒരു നിയമം ഉണ്ടാകേണ്ടതുണ്ട്. പക്ഷേ ഇത്തരമൊരു നിയമം കൊണ്ടു വരികയാണെങ്കിൽ അത് ഭരണഘടന അനുശാസിക്കുന്ന പൗരന്റെ അവകാശ ങ്ങളിന്മേലുള്ള ലംഘനമോ കടന്നുകയറ്റമോ ആകുമെന്നു പറഞ്ഞുകൊ ണ്ടാണ് സാധാരണ കോടതികൾ ഇതിനെതിരെ നിൽക്കുന്നത്. ഇത്തരമൊരു നിയമ നിർമ്മാണത്തിലേയ്ക്ക് വരുന്നതിനുമുമ്പ് ഇതുസംബന്ധിച്ച് സമൂഹ

ത്തിൽ ശക്തമായൊരു ബോധവത്കരണം നടത്തണം. അത്തരമൊരു ബോധവത്കരണത്തിന്റെ ആവശ്യത്തെപ്പറ്റി മതമേലദ്ധ്യക്ഷന്മാരും രാഷ്ട്രീയ കക്ഷികളും സാമൂഹ്യ പ്രസ്ഥാനങ്ങളും ചർച്ച ചെയ്യണം. പഴയ കാലങ്ങളിൽ സാമൂഹ്യ പരിഷ്കർത്താക്കൾ മുൻകൈയെടുത്തുകൊണ്ടുള്ള പ്രവർത്തനമാണ് ഇത്തരത്തിലുള്ള അനാചാരങ്ങളിൽ നിന്നും സമൂഹത്തെ രക്ഷിച്ചിട്ടുള്ളത്. പത്ര-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെ ഇതുസംബന്ധിച്ച് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും ബോധവത്കരണം നൽകേണ്ടതാവശ്യമാണ്. സാമൂഹ്യനീതി ഡയറക്ടർ, കേരള വനിതാ കമ്മീഷൻ മെമ്പർ, സെക്രട്ടറി എന്നിവർ ചേർന്ന് ഇതിനുവേണ്ടിയൊര പ്രോഗ്രാം തയ്യാറാക്കിയിട്ടുണ്ട്. ഈ വിഷയത്തിന്മേൽ വനിതാ കമ്മീഷനോടാവശ്യപ്പെട്ടതനുസരിച്ച് 4-10-2012, 04-12-2012, 14-12-2012 എന്നീ തീയതികളിൽ ശില്പശാലകൾ സംഘടിപ്പിക്കുകയും അതിനോടനുബന്ധിച്ച് അവർ നൽകിയ റിപ്പോർട്ട് ഗവൺമെന്റിന്റെ പരിഗണനയിലാണ്. പ്രസ്തുത റിപ്പോർട്ടിലും ഇതിനെതിരെ ഒരു നിയമനിർമ്മാണം നടത്തേണ്ടതിനെ സംബന്ധിച്ച് പറയുന്നുണ്ട്. നിയമനിർമ്മാണത്തിലേയ്ക്ക് പോകുന്നതിനുമുമ്പായി മതമേലദ്ധ്യക്ഷൻമാരും രാഷ്ട്രീയ കക്ഷികളും സാമൂഹ്യ പ്രസ്ഥാനങ്ങളും കൂട്ടായി ഈയൊരു ഭവിഷ്യത്തിൽ നിന്നും കേരളത്തെ രക്ഷിക്കുന്നതിനുവേണ്ടി ഒരുമിച്ച് പരിശ്രമിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ സബ്മിഷന് സ്വാഗതം ചെയ്യുകയും ഇതിനുവേണ്ടിയുള്ള നടപടികൾ ആരംഭിക്കുമെന്ന് ഉറപ്പുനൽകുകയും ചെയ്യുന്നു.

## CHC-യിലെ അടിസ്ഥാന സൗകര്യങ്ങൾ

ശ്രീ. വർക്കല കഹാർ: സർ, എന്റെ നിയോജക മണ്ഡലത്തിലെ പള്ളിക്കൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ഇല്ലായ്മകളുടെയും പോരായ്മക

ളുടെയും ഒരു കേന്ദ്രമാണ്. ഒന്നര വർഷത്തിനുമുമ്പ് ഈ പ്രൈമറി ഹെൽത്ത് സെന്റർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തിയതാണ്. രണ്ടേക്കറിൽ കൂടുതൽ സ്ഥല സൗകര്യം ഈ പ്രദേശത്തിനുണ്ട്. പട്ടികജാതിക്കാരും തൊഴിലാളികളും സാധാരണ ജനവിഭാഗങ്ങളും അധിവസിക്കുന്ന ഈ പ്രദേശത്തുള്ള ഏക ആശ്രയമാണ് ഈ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ. മറ്റൊരാശുപത്രിയും ഇതിന്റെ പരിസര പ്രദേശത്തില്ല. പി.എച്ച്.സി.-യെ സി. എച്ച്.സി. ആയി ഉയർത്തിയപ്പോൾ വലിയൊരനുഗ്രഹമായാണ് ജനങ്ങൾ അതിനെ കണ്ടത്. പക്ഷേ, കാര്യമായ വികസനമൊന്നും ഇതുവരെ ഉണ്ടാക്കാൻ കഴിഞ്ഞില്ല. ഏകദേശം ഒരു ലക്ഷത്തോളം ആളുകൾക്ക് ആശ്രയിക്കാൻ മറ്റൊരാശുപത്രിയുമില്ലാത്ത സാഹചര്യമാണുള്ളത്. ഈ സി. എച്ച്.സി.-യുടെ വികസനം ഒരു പ്രത്യേക കേസായി പരിഗണിച്ച് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം. ഒരു ഡോക്ടർ എന്ന സ്ഥിതിയിൽ നിന്നും ഇപ്പോൾ അവിടെ നാല് ഡോക്ടർമാരുടെ സേവനം ലഭിക്കുന്നുണ്ട്. പക്ഷേ, മറ്റൊരു സൗകര്യവും അവിടെ ഉണ്ടായിട്ടില്ല. എന്റെ ആസ്തി വികസന ഫണ്ടിൽ നിന്നും കെട്ടിടം നിർമ്മിക്കുന്നതിനായി ഒരു കോടി രൂപ കൊടുത്തു. രണ്ടു കോടി രൂപയുടെ കെട്ടിടം നിർമ്മിക്കാനും അതുപോലെ മറ്റെന്തെല്ലാം സൗകര്യങ്ങൾ അവിടെ ഉറപ്പാക്കാൻ കഴിയുമോ അതെല്ലാം ഉറപ്പാക്കാൻ വേണ്ട അടിയന്തര നടപടി സ്വീകരണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. ശിവകുമാർ</u>): സർ, പള്ളിക്കൽ പ്രാഥമികാരോഗ്യ കേന്ദ്രത്തെ 04-08-2012-ലാണ് സാമൂഹ്യാരോഗ്യ കേന്ദ്രമായി ഉയർത്തിയത്. നാല്

ഡോക്ടർമാരുൾപ്പെടെ ഇരുപത് ജീവനക്കാർ ഇവിടെ ജോലി ചെയ്യുന്നു. സാമൂഹ്യാരോഗ്യ കേന്ദ്ര പദവിയിലേയ്ക്ക് ഉയർത്തിയ ഈ ആശുപത്രിയിൽ 20 കിടക്കകൾ കൂടി അനുവദിച്ച് 05-03-2013-ൽ സർക്കാർ ഉത്തരവായിട്ടുണ്ട്. പള്ളിക്കൽ സി.എച്ച്.സി.യിലെ കിടത്തി ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 23-07-2013-ൽ. ശ്രീ. വർക്കല കഹാറിന്റെ സാന്നിദ്ധ്യത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽവച്ചുനടത്തിയ യോഗതീരുമാനമനുസരിച്ച് എഞ്ചിനീയർ, ലെയ്സൺ ഓഫീസർ, എന്നിവർ സി.എച്ച്.സി.-യുടെ സ്ഥല സൗകര്യം പരിശോധിക്കുകയും എം.എൽ.എ. ഫണ്ടിൽ നിന്നും അനുവദിക്കുന്ന തുക ഉപയോഗിച്ച് പുതിയ വാർഡ് കെട്ടിടം പണിയുന്നതിന് ആവശ്യമായ സ്ഥലം കണ്ടെത്തുകയും ചെയ്തു. പ്രസ്തുത ഫണ്ട് (ഒരു കോടി രൂപ) ഉപയോഗിച്ച് 20 കിടക്കകളുള്ള വാർഡ് നിർമ്മിക്കുന്നതിനുള്ള പ്ലാനും എസ്റ്റിമേറ്റും 31-01-2014-ന് സർക്കാരിന് ലഭ്യമായിട്ടുണ്ട്. ഇതു സംബന്ധിച്ച തുടർ നടപടികൾ സ്വീകരിച്ചുവരികയാണ്. ആശുപത്രിയുടെ വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി എം.എൽ.എ.യുടെ ആവശ്യപ്രകാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ യോഗം വിളിച്ചുചേർക്കുന്നതാണ്. അതുനസരിച്ചുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്.

ക്ഷേത്രകലാ അക്കാദമി

ശ്രീ. റ്റി. വി. രാജേഷ്: സർ, ക്ഷേത്രകലകൾ അഭ്യസിക്കുന്നതിനും സംരക്ഷിക്കുന്നതിനും മാടായി കാവിൽ മലബാർ ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിൽ ഒരു ക്ഷേത്രകലാ അക്കാദമി ആരംഭിക്കുവാൻ മുൻകയ്യെടുത്ത ബഹുമാന്യനായ മന്ത്രിയെ അഭിനന്ദിക്കുകയാണ്. ഉത്തര മലബാറിലെ ക്ഷേത്രങ്ങളും കാവുകളുമായി ബന്ധപ്പെട്ട ആയിരക്കണക്കിന്

കലാകാരന്മാർക്കും ഭക്തജനങ്ങൾക്കും വളരെയേറെ പ്രതീക്ഷനൽകുന്ന ഒരു തീരുമാനമാണ് അങ്ങ് കൈക്കൊണ്ടിരിക്കുന്നത്. എന്നാൽ ഇതുവരെയും ക്ഷേത്രകലാ അക്കാദമി ആരംഭിച്ചിട്ടില്ല. ഈ ക്ഷേത്രകലാ അക്കാദമി എത്രയും വേഗം ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, ഇപ്പോഴത്തെ ബഡ്ജറ്റിൽ അക്കാദമി രൂപീകരിക്കുന്നതിന് 50 ലക്ഷം രൂപ നൽകുമെന്ന് പ്രഖ്യാപിക്കുകയും ആയത് ടോക്കൺ പ്രൊവിഷനിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്, അതിനുശേഷമാണ് ഭരണാനുമതി നൽകിയത്. അക്കാദമി ആരംഭിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ഇതിനകം സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. ക്ഷേത്രകലാ അക്കാദമിയുടെ പ്രവർത്തനങ്ങൾക്കും കോഴ്സുകൾ തുടങ്ങുന്നതിലേയ്ക്കും ആവശ്യമായ ഫണ്ട് അനുവദിക്കണമെന്ന നിർദ്ദേശം ധനകാര്യവകുപ്പിന്റെ സജീവ പരിഗണനയിലാണ്. അക്കാദമിയുടെ പ്രവർത്തനം താമസംവിനാ ആരംഭിക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. അക്കാദമിയുടെ ഭരണ സമിതി രൂപീകരിച്ചുകൊണ്ടുള്ള ഉത്തരവ് ഈ ആഴ്ച തന്നെ പുറപ്പെടുവിക്കുന്നതാണ്. അതിനുശേഷം മലബാർ ദേവസ്വം ബോർഡുമായി ബന്ധപ്പെട്ട് ഇക്കാര്യത്തിലുള്ള തുടർ നടപടികൾ അടിയന്തരമായി സ്വീകരിക്കുന്നതാണ്.

(മേശപ്പുറത്തുവയ്ക്കുന്ന കടലാസുകൾ)